2023
SEPTEMBER
15
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## നിപ്പ സമ്പർക്കം: പട്ടികയിൽ 950 പേർ

- 287 പേർ ആരോഗ്യവകുപ്പ് പ്രവർത്തകർ
- ഹൈ റിസ്ക് പട്ടികയിൽ 213 പേർ
- കോഴിക്കോട് ജില്ലയിൽ മാസ്ക് നിർബന്ധം
- വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെയും അവധി

**കോഴിക്കോട്:** നിപ വൈറസ് ബാധിച്ചവരുടെ സമ്പർക്കപ്പട്ടികയിൽ 950 പേർ. ഇതിൽ 213 പേരാണ് ഹൈ റിസ്ക് പട്ടികയിലുള്ളത്.950 പേരിൽ 287 പേർ ആരോഗ്യപ്രവർത്തകരാണെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.നിപ നിരീക്ഷണത്തിന്റെ ഭാഗമായി ഇന്നലെ 234 പേരെയാണ് കണ്ടെത്തിയത്. സ്വകാര്യ ആശുപത്രികളിലുള്ള നാലു പേരാണ് ഹൈ റിസ്ക് വിഭാഗത്തിലുള്ളത്. 17 പേർ കോഴിക്കോട് മെഡിക്കൽ കോളജിലും നിരീക്ഷണത്തിലുണ്ട്. ബുധനാഴ്ച നിപ പോസ്റ്റീവായ വ്യക്തിയുടെ റൂട്ട് മാപ്പിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചുവെന്നും മന്ത്രി പറഞ്ഞു. നിപ വൈറസ് സ്ഥിരീകരിച്ചവരുടെ സമ്പർക്കപ്പട്ടിക മൊബൈൽ ലൊക്കേഷനിലൂടെ കണ്ടെത്താൻ പോലീസ് സഹായം തേടാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ഹൈ റിസ്ക് സമ്പർക്ക പട്ടികയിലുള്ള 15 പേരുടെ സാമ്പിളുകൾ ഇന്നലെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ മാസ്ക് നിർബന്ധമായും ധരിക്കണമെന്നും ആരോഗ്യവകുപ്പ് മന്ത്രി നിർദ്ദേശിച്ചു. എൻ.ഐ.വി. പൂനെയുടെ മൊബൈൽ ടീം സജ്ജമായിട്ടുണ്ട്. കേസുകൾ വർധിക്കുന്ന സാഹചര്യമുണ്ടായാൽ പ്ലാൻ ബിയുടെ ഭാഗമായി സ്വകാര്യ ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. മരുന്നും സുരക്ഷാ സാമഗ്രികളും അധികമായി ഉറപ്പ് വരുത്താൻ കെ.എം.എസ്.സി.എല്ലിന് നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.കേന്ദ്ര സംഘവും കോഴിക്കോട് സന്ദർശനം നടത്തി പ്രതിരോധ നടപടികൾ വിലയിരുത്തി.എക്സ്പേർട്ട് ടീം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ ഫീൽഡിൽ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധന ഫലം വേ



ഗത്തിൽ ലഭ്യമാക്കാൻ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ മൊബൈൽ ലാബ് സൗകര്യവും ഏർപ്പെടുത്തി.ഒരേ സമയം 96 സാമ്പിളുകൾ വരെ പരിശോധിക്കാനുള്ള സംവിധാനം ഈ മൊബൈൽ ലാബിലുണ്ട്. മൂന്നു മണിക്കൂറിനുള്ളിൽ പരിശോധനാ ഫലം ലഭ്യമാകും. വൈറൽ എക്സ്ട്രാക്ഷൻ, റിയൽ ടൈം പി.സി.ആർ. എന്നിവ ലാബിൽ ചെയ്യാൻ കഴിയും. ടെക്നിക്കൽ സ്റ്റാഫ്, ഇലക്ട്രിക്കൽ തുടങ്ങി 5 പേരുടെ സംഘമാണ് ലാബിലുണ്ടാകുക. നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ജാഗ്രതാ മുൻകരുതലുകളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും (അങ്കണവാടി,മദ്രസകൾ ഉൾപ്പെടെ) ഇന്നും നാളെയും അവധി പ്രഖ്യാപിച്ചു. നേരത്തെ സെപ്റ്റംബർ 14ന് അവധി പ്രഖ്യാപിച്ചിരുന്നു. യൂണിവേഴ്സിറ്റി, പി.എസ്.സി പരീക്ഷകൾക്ക് മാറ്റമില്ല. ഈ ദിവസങ്ങളിൽ ജില്ലയിലെ എല്ലാ ട്യൂഷൻ സെന്ററുകൾക്കും കോച്ചിങ് സെന്ററുകൾക്കും അവധി ബാധകമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈൻ ക്ലാസ്സുകൾ ഒരുക്കാം.

## സിനിമ വിദ്വേഷ പ്രചാരണായുധമാക്കുന്നത് വർധിക്കുന്നു: മുഖ്യമന്ത്രി



**തിരുവനന്തപുരം:** സിനിമയെ കലാരൂപം എന്ന നിലയ്ക്ക് അല്ലാതെ വർഗീയവിദ്വേഷ പ്രചാരണായുധം എന്ന നിലയ്ക്ക് ഉപയോഗിക്കുന്ന രീതി വർധിച്ചുവരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. 53ാമത് സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേവലമായ കലാവിഷ്ക്കാരം എന്ന നില വിട്ട് ആശയപ്രചാരണത്തിന് കൂടി സിനിമ ഉപയോഗിക്കപ്പെടുന്നുണ്ട്. ആശയപ്രചാരണം കാലത്മകമാണെങ്കിൽ തെറ്റില്ല. എന്നാൽ ഏതുതരത്തിലുള്ള ആശയങ്ങൾ എന്ന ചോദ്യം പ്രസക്തമാണ്.അന്ധകാരത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ആശയം എന്ന നിലയിൽ സിനിമയെ ഉപയോഗിക്കുന്ന പ്രവണത കാര്യമായി കാണാനുണ്ട് ഇതിനു വർധിച്ച ശക്തി കൈവരുന്ന കാലന്തരീക്ഷം ദേശീയതലത്തിൽ നിലനിൽക്കുന്നു എന്നത് നിർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദേശീയതലത്തിൽ തന്നെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളിൽ അന്ധകാരം പടരുകയാണോ എന്ന ആശങ്ക വലിയതോതിൽ ഉയർന്നുവരികയാണ്. ഈ ഇരുട്ടിന്റെ നടുക്കടലിൽ വെളിച്ചത്തിന്റെ ദ്വീപ് പോലെ നിൽക്കുകയാണ് കേരളം. സ്നേഹവും സമഭാവനയും മതനിരപേക്ഷതയും നിലനിൽക്കുന്ന കൊച്ചു ദ്വീപ്. നന്മയുള്ള ഈ നാടിനെ കളങ്കപ്പെടുത്തി അവതരിപ്പിക്കാൻ കൂടി സിനിമ എന്നാൽ മാധ്യമം കഴിഞ്ഞകൊല്ലം ഉപയോഗിക്കപ്പെട്ടു. കേരളത്തിന്റെ കഥ എന്ന പേരിൽ കേരളത്തിന്റെതല്ലാത്ത കഥ സിനിമ എന്ന മാധ്യമം വഴി ചിലർ പ്രചരിപ്പിച്ചു. സാമുദായിക ചേരിതിരിവ് സൃഷ്ടിച്ച് ജനങ്ങളെ ശത്രുപക്ഷത്ത് ആക്കാൻ ഉദ്ദേശിക്കപ്പെട്ട ഒരു സിനിമയാണത്. അതിനെ സിനിമ എന്ന് വിളിക്കുന്നത് പോലും ശരിയല്ലമുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി ഡാനിയേൽ അവാർഡ് പ്രശസ്ത സംവിധായകൻ ടി.വി ചന്ദ്രനും ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെൻറ് അവാർഡ് ശ്യാമപ്രസാദും മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. മികച്ച സിനിമയായ 'നൻപകൽ നേരത്തു മയക്ക'ത്തിന്റെ സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരി, നിർമാതാവ് സന്തോഷ് ടി. കുരുവിള, മികച്ച സംവിധായകൻ മഹേഷ് നാരായണൻ, മികച്ച നടി വിൻസി അലോഷ്യസ്, മികച്ച നടനായ മമ്മൂട്ടിക്ക് വേണ്ടി ലിജോ ജോസ് പെല്ലിശ്ശേരി, മികച്ച നടനുള്ള ജൂറി പുരസ്കാരം പങ്കിട്ട കുഞ്ചാക്കോ ബോബൻ, അലൻസിയർ ലോപസ്, 'ന്നാ താൻ കേസുകൊട്' ചിത്രത്തിന്റെ സംവിധായകനും തിരക്കഥാകൃത്തുമായ രതീഷ് ബാലകൃഷ്ണൻ പൊതുവാൾ, തുടങ്ങിയവർ മുഖ്യമന്ത്രിയിൽനിന്ന് അവാർഡുകൾ സ്വീകരിച്ചു.സാംസ്കാരിക മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു

## ന്യൂനമർദ്ദം: കേരളത്തിൽ മഴ തുടരും



**തിരുവനന്തപുരം:** വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യുന മർദ്ദം ശക്തി കൂടിയ ന്യുനമർദ്ദമായി ശക്തി പ്രാപിച്ച് ഒഡിഷ പശ്ചിമ ബംഗാൾ തീരത്ത് സ്ഥിതി ചെയ്യുന്നു. അടുത്ത രണ്ടു ദിവസം ഒഡിഷ ഛത്തീസ്ഗഢ് മേഖലയിലേക്ക് നീങ്ങാൻ സാധ്യത. കേരളത്തിൽ അടുത്ത 5 ദിവസം മിതമായ / ഇടത്തരം മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.



# ലിയോയ്ക്ക് 24 മണിക്കൂർ മാരത്തോൺ ഫാൻസ് ഷോ




കേരളത്തിൽ സമീപകാലത്ത് ബിഗ് റിലീസുകളുടെ ഫാൻസ് ഷോകളെല്ലാം പുലർച്ചെ നാലിനാണ് ആരംഭിക്കാറ്. ഇപ്പോഴിതാ അത്തരം ഫാൻസ് ഷോകളിൽ റെക്കോർഡ് ഇടാൻ എത്തുകയാണ് ഒരു തമിഴ് ചിത്രം. വിജയിയെ നായകനാക്കി ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ലിയോ എന്ന ചിത്രമാണ് റെക്കോർഡ് ഫാൻസ് ഷോകളിലൂടെ വിസ്മയിപ്പിക്കാൻ ഒരുങ്ങുന്നത്.

ബിഗ് കാൻവാസ് സൂപ്പർതാര ചിത്രങ്ങൾക്ക് സാധാരണ ഏതാനും പ്രദർശനങ്ങളാണ് റിലീസ് ദിനത്തിൽ ഫാൻസ് ഷോകളായി നടക്കാറെങ്കിൽ വിജയ് ചിത്രത്തിന് 24 മണിക്കൂർ നീളുന്ന മാരത്തോൺ ഫാൻസ് ഷോകളാണ് നടക്കുക. തിരുവനന്തപുരം പുല്ലുവിളയിലുള്ള എസ് എ മൾട്ടിപ്ലെക്സിലാണ് വിജയ് ആരാധകക്കൂട്ടായ്മയായ പ്രിയമുടൻ നൻപൻസിന്റെ നേതൃത്വത്തിൽ മാരത്തോൺ ഫാൻസ് ഷോകൾ സംഘടിപ്പിച്ചിരിക്കുന്നത്. റിലീസ് ദിനമായ ഒക്ടോബർ 19 ന് പുലർച്ചെ 4ന് ആരംഭിച്ച് 7, 11, 2, 6, 9.30, 11.59, ഒക്ടോബർ 20 ന് പുലർച്ചെ 4 എന്നിങ്ങനെയാണ് ഷോകളുടെ സമയം.

വലിയ ഹൈപ്പോടെയും പ്രൊമോഷനോടെയും വരുന്ന വിജയ് ചിത്രം എന്നതാണ് മാരത്തോൺ ഫാൻസ് ഷോകൾ സംഘടിപ്പിക്കാനുള്ള കാരണമെന്ന് സംഘടനയുടെ പ്രതിനിധി നിധിൻ ആൻഡ്രൂസ് ഓൺലൈനിനോട് പറഞ്ഞു.ഒരു വർഷം മുൻപ് തുടങ്ങിയ സംഘടന ലിയോയുടെ റിലീസിന് മുൻപ് വിദ്യാർഥികൾക്ക് സാമ്പത്തികസഹായം നൽകുന്ന മറ്റൊരു പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. നഴ്സിംഗ് പഠനം കഴിഞ്ഞ് വിദേശത്തേക്ക് പോകാൻ ശ്രമിക്കുന്ന വിദ്യാർഥികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 പേരെ തെരഞ്ഞെടുത്ത് സ്പോൺസർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും നിധിൻ പറയുന്നു. ഒക്ടോബർ 7 നാണ് ഈ പരിപാടി നടക്കുക.



## ആ സർപ്രൈസ് ബിലാൽ അല്ല. അമൽ നീരദിന്റെ പുതിയ പ്രൊജക്റ്റിൽ നായകൻ ചാക്കോച്ചൻ

അമൽ നീരദ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ മമ്മൂട്ടി ആയിരിക്കും നായകനെന്ന് ആഴ്ചകൾക്ക് മുൻപ് റിപ്പോർട്ടുകൾ എത്തിയിരുന്നു

അമൽ നീരദ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ കുഞ്ചാക്കോ ബോബൻ നായകൻ. സിനിമയുടെ ചിത്രീകരണം ആരംഭിച്ചു. ജ്യോതിർമയിയും ഷറഫുദ്ദീനുമാണ് മറ്റ് രണ്ട് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. സുഷിൻ ശ്യാം സംഗീതം പകരുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ആനന്ദ് സി ചന്ദ്രനാണ്.

വൻ വിജയം നേടിയ ഭീഷ്!മ പർവ്വത്തിന് ശേഷം അമൽ നീരദിന്റെ സംവിധാനത്തിൽ എത്തുന്ന ചിത്രമാണിത്. സിനിമാപ്രേമികളെ സംബന്ധിച്ച് ഇതൊരു സർപ്രൈസ് പ്രോജക്റ്റുമാണ്. അമൽ നീരദ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ മമ്മൂട്ടി ആയിരിക്കും നായകനെന്ന് ആഴ്ചകൾക്ക് മുൻപ് റിപ്പോർട്ടുകൾ എത്തിയിരുന്നു. ഇത് ബിഗ് ബിയുടെ സീക്വൽ ബിലാൽ ആയിരിക്കുമെന്നും മമ്മൂട്ടിയുടെ പിറന്നാൾ ദിനത്തിൽ പ്രഖ്യാപനം ഉണ്ടായേക്കുമെന്നുമൊക്കെ പ്രചരണം ഉണ്ടായെങ്കിലും അത്തരത്തിൽ സംഭവിച്ചില്ല.

ക്രൈം ത്രില്ലർ നോവലുകളിലൂടെ ശ്രദ്ധ നേടിയ ലാജോ ജോസിന്റെ പുസ്തകത്തെ ആസ്പദമാക്കിയാണ് ചിത്രം ഒരുങ്ങുന്നതെന്നാണ് സൂചന. അതേസമയം പുറത്തെത്തിയ ലൊക്കേഷൻ ചിത്രത്തിൽ അമൽ നീരദിനും കുഞ്ചാക്കോ ബോബനുമൊപ്പം എഴുത്തുകാരൻ ഉണ്ണി ആർ ആണ് ഉള്ളത്. അമൽ നീരദിന്റെ ബാച്ചിലർ പാർട്ടി, ആന്തോളജി ചിത്രം 5 സുന്ദരികളിലെ ചെറുചിത്രം കുള്ളന്റെ ഭാര്യ എന്നിവയുടെ തിരക്കഥയും ബിഗ് ബി, അൻവർ എന്നീ ചിത്രങ്ങളുടെ സംഭാഷണവും രചിച്ചത് ഉണ്ണി ആർ ആയിരുന്നു.



## കോവിഡിനെതിരെയുള്ള ഇന്ത്യയുടെ പോരാട്ടം; വാക്സിൻ വാർ

ദ് കശ്മീർ ഫയൽസിനു ശേഷം പുതിയ ചിത്രവുമായി വിവേക് രഞ്ജൻ അഗ്നിഹോത്രി. ദ് വാക്സിൻ വാർ എന്ന് പേരിട്ടിരിക്കുന്ന ചിത്രം ഇന്ത്യയിലെ ആദ്യ ബയോ സയൻസ് സിനിമയാണെന്നാണ് അവകാശവാദം. സിനിമയുടെ ട്രെയിലർ എത്തി. ഐ ആം ബുദ്ധ പ്രൊഡക്ഷൻസിൻറെ ബാനറിൽ പല്ലവി ജോഷിയും അഭിഷേക് അഗർവാൾ ആർട്സും ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്. സെപ്റ്റംബർ 28 ന് തിയറ്റർ റിലീസായി ചിത്രം പ്രേക്ഷകർക്കരികിൽ എത്തും.

നിർമാതാവായ പല്ലവി ജോഷി ഈ ചിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നുമുണ്ട്. ലോകത്തെയാകെ പിടിച്ചുകുലുക്കിയ മഹാമാരിയായ കോവിഡും അതിനെ പ്രതിരോധിക്കാനുള്ള വാക്സിൻറെ കണ്ടുപിടിത്തവും ഒക്കെയാണ് ദ് വാക്സിൻ വാർ പ്രമേയമാക്കുന്നത്. ഒരു യഥാർഥ കഥയായിരിക്കും ചിത്രം പറയുന്നത് എന്നും ടീസറിൽ നിന്നും വ്യക്തമാണ്. നാനാ പടേക്കർ, അനുപം ഖേർ എന്നിവരും ചിത്രത്തിൽ പ്രധാന വേഷത്തിലുണ്ട്. പല്ലവി ജോഷി ചിത്രത്തിൽ ഒരു ശാസ്ത്രജ്ഞയുടെ വേഷത്തിലാണ് എത്തുന്നത്.

സപ്തമി ഗൗഡ, പരിതോഷ് സാൻഡ്, സ്നേഹ മിലാൻഡ്, ദിവ്യ സേത്ത് എന്നിവരാണ് ചിത്രത്തിൽ മറ്റ് അഭിനേതാക്കൾ. ഹിന്ദിക്കു പുറമെ ഇംഗ്ലിഷ്, ഗുജറാത്തി, പഞ്ചാബി, ഭോജ്പുരി, ബംഗാളി, മറാഠി, തെലുങ്ക്, തമിഴ്, കന്നട എന്നിവ ഉൾപ്പടെ പത്തലധികം ഭാഷകളിലാകും ചിത്രം റിലീസ് ചെയ്യുക.

## നഗരസഭ കൗൺസിൽ യോഗം; ആരോഗ്യ മേഖലക്ക് 34.47 ലക്ഷം രൂപയുടെ സമഗ്ര പദ്ധതികൾക്ക് അംഗീകാരമായി

**ചാലക്കുടി:** താലൂക്ക് ആശുപത്രിക്കും അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിനും രോഗ നിർണ്ണയ പരിശോധന സംവിധാനങ്ങൾ ഒരുക്കാൻ 34.47 ലക്ഷം രൂപയുടെ സമഗ്ര പദ്ധതിക്ക് ചാലക്കുടി നഗരസഭ കൗൺസിൽ അംഗീകാരം നൽകി. ധനകാര്യ കമ്മീഷൻ ഗ്രാന്റായി നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ലഭിച്ച ഈ തുക ഉപയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളിലെ ലാബുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് അനുവദിച്ച 1.29 കോടി തുക ഉപയോഗിച്ച് വി.ആർ.പുരം അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കാൻ തയ്യാറാണെന്ന് ആരോഗ്യ വകുപ്പിനെ അറിയിക്കാനും കൗൺസിൽ യോഗത്തിൽ തീരുമാനമായി. കൂടാതെ അമൃത് രണ്ട് പദ്ധതിയിൽ സൗജന്യമായി നൽകാൻ തീരുമാനിച്ച 2500 ഗാർഹിക കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ സെപ്റ്റംബർ 30 വരെ സ്വീകരിക്കാനും തീരുമാനിച്ചു. പൊതു ടാപ്പുകൾ ഉപയോഗിക്കുന്നവർ, ബി.പി.എൽ, അതിദരിദ്രർ, കോളനി നിവാസികൾ എന്നിവർക്ക് മുൻഗണന നൽകും.

പത്താം വാർഡിൽ സെന്റ് ജെയിംസ് ആശുപത്രിക്ക് പുറകിൽ പാപ്പി റോഡിലുള്ള ഗതാഗതത്തിന് തടസ്സമായ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബി യോട് കൗൺസിൽ ആവശ്യപ്പെട്ടു. നഗരസഭയുടെ രാജീവ് ഗാന്ധി ടൗൺഹാളിൽ ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കൗൺസിൽ അനുമതി നൽകുകയും ചെയ്തു.

കൗൺസിൽ ഹാളിൽ ചേർന്ന നഗരസഭ കൗൺസിൽ യോഗത്തിൽ ചെയർമാൻ എബി ജോർജ്ജ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൺ ആലിസ് ഷിബു, നഗരസഭ സെക്രട്ടറി, വാർഡ് കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

## കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് നടപടികൾ വേണം

**ചങ്ങനാശേരി:** കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് കുട്ടനാട് സർക്കാരിനോടാവശ്യപ്പെട്ടു. ഈ ലക്ഷ്യം നേടിയെടുക്കാൻ പ്രധാനമായും കുട്ടനാട്ടിൽ രണ്ടാം കൃഷി നിയന്ത്രണ വിധേയമായി നടത്തണം. വർഷകാലത്ത് പാടശേഖരങ്ങൾ ജലസംഭരണികളായിട്ടാണ് നിലനിൽക്കുന്നത്. ജലനിരപ്പ് താഴ്ന്നു നിൽക്കുന്നതിനും ജലം നിരന്ന് ഒഴുകുന്നതിനും വലിയ പങ്കാണ് ഈ പാടശേഖരങ്ങൾ വഹിക്കുന്നത്.

തണ്ണീർമുക്കം ബണ്ട് വർഷം മുഴുവൻ തുറന്നിടണമെന്നും എസി കനാലിലെ എല്ലാ തടസങ്ങളും നീക്കണമെന്നും ആലപ്പുഴയെ ചങ്ങനാശേരിയുമായി ബന്ധിപ്പിക്കുന്ന ടൂറിസം ഇടനാഴിയായി എസി കനാലിനെ വികസിപ്പിക്കാൻ കഴിയണമെന്നും യോഗം ആവശ്യപ്പെട്ടു. ഇനിയെങ്കിലും പഠനങ്ങൾ നിർത്തി ഫലപ്രദമായ സമയബന്ധിത നടപടികളിലേക്കു സർക്കാർ കടക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

പ്രസിഡന്റ് അഡ്വ. തോമസ് ജയിംസ് കാപ്പിൽകോയിപ്പള്ളി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടോം കായിത്ര, ഉപരക്ഷാധികാരി ചാക്കോ വെങ്ങാന്തറ, ജോർജുകുട്ടി മാപ്പിളശേരി, ജേക്കബ് ചേന്നാട്ട്, ജേക്കബ് കിഴക്കേവലിയവീട്, ജോസ്കുട്ടി വാരികാട്ട്, ചാക്കോച്ചൻ പഴേപറമ്പ്, മൈത്രീ ഗോപീകൃഷ്ണൻ, ലൂക്ക് പട്ടർകളം, സേവ്യർ കാപ്പിൽ, ജോഷി ചേന്നാട്ട്, എം.സി. ജോസഫ് ചമ്പക്കുളം, ജേക്കബ് തട്ടാഴം, ആൻറണി കായിത്തറ, കുട്ടപ്പൻ എമ്പ്രാമഠം എന്നിവർ പ്രസംഗിച്ചു.

## കനൽ കർമ്മ പദ്ധതി സംഘടിപ്പിച്ചു

**പത്തനംതിട്ട:** ജില്ലാ വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മിഷൻ ശക്തിയുടെ കനൽ കർമ്മ പദ്ധതിയുടെ അഞ്ചാമത് ബോധവൽക്കരണ ക്ലാസും സെൽഫ് ഡിഫെൻസ് ക്ലാസും ദേവസ്വം ബോർഡ് പമ്പ കോളജിൽ നാഷണൽ സർവീസ് സ്കീമിന്റെയും വുമൺ സെല്ലിന്റെയും സഹകരണത്തോടെ നടന്നു.ജില്ലാ വനിത ശിശു വികസന ഓഫീസർ യു.അബ്ദുൽ ബാരി ഉദ്ഘാടനം നിർവഹിച്ചു.

കോളജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് എച്ച്ഒഡി ആർ.അരുൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളജ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. പി.പ്രിയമോൾ, കോളേജ് വുമൺസെൽ മെമ്പർ ഡോ. ടി. എസ് ജിൻസി, ജൻഡർ സ്പെഷ്യലിസ്റ്റ് (മിഷൻ ശക്തി) എ. എം അനുഷ,പത്തനംതിട്ട ദിശ ഡയറക്ടർ അഡ്വ ദിലീപ് കുമാർ ,വുമൺസെൽ എഎസ് ഐ ആർ.ബീന , സിവിൽ പോലീസ് ഓഫീസർമാരായ ആർ.പ്രിയാ ലക്ഷ്മി, ജെസ്ന ജലാൽ ,ജില്ലാ കോർഡിനേറ്റർ എസ്.ശുഭശ്രീ തുടങ്ങിയവർ പങ്കെടുത്തു.

# അണക്കെട്ടിലെ സുരക്ഷാ വീഴ്ച
# മിലിട്ടറി ഇൻറലിജൻസും അന്വേഷണം ആരംഭിച്ചു



**ചെറുതോണി:** ഇടുക്കി ചെറുതോണി അണക്കെട്ടിലെ സുരക്ഷാ വീഴ്ചയുമായി ബന്ധപ്പെട്ട് മിലിട്ടറി ഇന്റലിജൻസും അന്വേഷണം ആരംഭിച്ചു. കേരള പോലീസും സ്പെഷൽ ബ്രാഞ്ചും സംഭവം സംബന്ധിച്ച് നടത്തുന്ന അന്വേഷണങ്ങൾക്കു പുറമേയാണ് കേന്ദ്രവും അന്വേഷണമാരംഭിച്ചിരിക്കുന്നത്.

ഇന്ത്യൻ നേവിയുടെ സാന്നിധ്യം അണക്കെട്ടിൽ ഉള്ളതിനാലാണ് രഹസ്യാന്വേഷണ വിഭാഗവും സംഭവം അന്വേഷിക്കുന്നത്. പോലീസിൻറെ അന്വേഷണപരിധിയിൽ തീവ്രവാദ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, തീവ്രവാദ ഗ്രൂപ്പുകളുമായി പ്രതിക്ക് ബന്ധമുണ്ടെന്നുള്ളതിന് തെളിവുകളൊന്നും പോലീസിന് ലഭിച്ചിട്ടില്ല.

ജൂലൈ 22ന് അണക്കെട്ടിലെത്തിയ ഒറ്റപ്പാലം സ്വദേശിയാണ് കേസിലെ പ്രതി. സന്ദർശക പാസ് എടുത്ത് അണക്കെട്ടിൽ കയറിയ ഇയാൾ 11 ഇടങ്ങളിൽ താഴിട്ട് പൂട്ടിയിരുന്നു. തുടർന്ന് ഷട്ടറുകൾ ഉയർത്തുന്ന ഇരുമ്പ് വടത്തിൽ ദ്രാവകവും ഒഴിച്ചു.

പിന്നീട് വിദേശത്തേക്ക് കടന്ന പ്രതിയെ ഇന്ത്യയിലെത്തിക്കാൻ പോലീസ് ബന്ധുക്കളുടെ സഹായം തേടിയിട്ടുണ്ട്. സഹോദരങ്ങൾ പ്രതിയുമായി സംസാരിച്ചു. രണ്ടു ദിവസത്തിനുള്ളിൽ കേരളത്തിൽ എത്താമെന്ന് പ്രതി സഹോദരങ്ങൾക്ക് ഉറപ്പ് നൽകിയെന്നാണ് പൊലീസ് പറയുന്നത്.

ഈ ഉറപ്പ് പാലിച്ചില്ലെങ്കിൽ മാത്രം ലുക്കൗട്ട് നോട്ടീസിറക്കാനാണ് സാധ്യത. ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ച് ഇടുക്കി അണക്കെട്ടിൽ എന്തും കൊണ്ടുവരാമെന്ന് മറ്റാരെയെങ്കിലും കാണിക്കാനാണോ പ്രതി ശ്രമിച്ചതെന്നും പോലീസിന് സംശയമുണ്ട്.

ഇയാൾക്കൊപ്പം അണക്കെട്ട് സന്ദർശിക്കാനെത്തിയിരുന്ന തിരൂർ സ്വദേശികളായ മൂന്നു പേരെ നേരത്തെ ചോദ്യം ചെയ്ത് വിട്ടയച്ചിരുന്നു. ഇവരിൽനിന്ന് കൂടുതൽ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ഇവർ നിലവിൽ നിരീക്ഷണത്തിലാണ്. താഴുകൾ വാങ്ങിയത് ചെറുതോണിയിലെ ഒരു കടയിൽനിന്നാണെന്നും വ്യക്തമായിട്ടുണ്ട്. പ്രതിയെ കസ്റ്റഡിയിൽ ലഭിച്ചാലെ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

സുരക്ഷാവീഴ്ച ഉണ്ടായെന്ന് കണ്ടെത്തിയ ഉടൻ തന്നെ ചീഫ് എൻജിനിയറുടെ നേതൃത്വത്തിൽ പ്രാഥമിക പരിശോധന നടത്തിയിരുന്നു. തുടർന്ന് ചൊവ്വാഴ്ച വിശദമായ പരിശോധനയും നടത്തി.

ഇരുമ്പ് വടത്തിൽ ദ്രാവകം ഒഴിച്ചതിനാൽ ഷട്ടറുകൾ ഉയർത്തിയും പരിശോധന നടത്തി. വടവും ഷട്ടറുകളുമെല്ലാം സുരക്ഷിതമാണെന്ന് ബോധ്യപ്പെട്ടു. സുരക്ഷാ പ്രശ്നങ്ങളൊന്നുമില്ലെന്ന് അണക്കെട്ടിൻറെ സുരക്ഷാവിഭാഗം പറയുമ്പോഴും സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയെന്ന നിലപാടിലാണ് നാട്ടുകാർ.

സുരക്ഷ ക്രമീകരങ്ങൾ വിപുലമാക്കുന്നതിൻറെ ഭാഗമായും കൂടുതൽ പോലീസുകാരെ സുരക്ഷാ ഡ്യൂട്ടിക്ക് ചുമതലപ്പെടുത്തേണ്ടതിനാലും രണ്ടു ദിവസം കൂടി അണക്കെട്ട് അടച്ചിടും.

# മറയൂർ ചന്ദന ലേലത്തിൽ 29 കോടി രൂപയുടെ വിൽപ്പന



**മറയൂർ:** 2023 ലെ രണ്ടാമത്തെ മറയൂർ ചന്ദന ലേലത്തിൽ ആദ്യ ദിവസം നികുതിയടക്കം 29 കോടി രൂപയുടെ ചന്ദനം വില്പന നടന്നു. ഓൺ ലൈനായി നടന്ന ലേലത്തിൽ പങ്കെടുത്ത കമ്പനികളുടെ എണ്ണത്തിൽ കുറവ് വന്നെങ്കിലും 29 കോടിരൂപയുടെ ചന്ദനം ആദ്യദിനത്തിൽ വിൽക്കാൻ കഴിഞ്ഞു.

കർണാടക സോപ്സ്, കേരള ഫാർമസ്യൂട്ടിക്കൽ (ഔഷധി), ജയ്പൂർ സിഎംഡി ആർട്സ് ഇന്ത്യ ലിമിറ്റഡ്, ജയ്പൂർ ക്ളോഡ്9, തൃശൂർ ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ, കെഎഫ്ഡിഡി, കൊച്ചിൻ ദേവസ്വം, തിരുനാവായ ക്ഷേത്രം, കളരിക്കൽ ഭഗവതി ദേവസ്വം, നെടുംപറമ്പിൽ ശ്രീ ദുർഗാ ദേവീ ക്ഷേത്രം ദേവസ്വം എന്നിവയാണ് ലേലത്തിൽ പങ്കെടുത്ത സ്ഥാപനങ്ങൾ.

പതിനഞ്ച് ക്ലാസുകളിലായി 169 ലോട്ടിൽ 68.632 ടൺ ചന്ദനമാണ് ലേലത്തിന് ഒരുക്കിയിരുന്നത്.

ലേലത്തിൽ ആദ്യ രണ്ട് സെഷനുകളിലായി 23731.8 കിലോഗ്രാം ചന്ദനം വിൽക്കാൻ സാധിച്ചു.

ക്ലാസ് നാല് വിഭാഗത്തിൽപ്പെട്ട ഗോട്ടിയ ഇനത്തിൽപ്പെട്ട ചന്ദനത്തിന് ശരാശരി 15711 രൂപ ഏറ്റവും ഉയർന്ന വില ലഭിച്ചു. സാപ്പ് വുഡ് ബില്ലറ്റിന് (ചന്ദനം ചെത്തുമ്പോൾ ലഭിക്കുന്ന വെളുത്ത ഭാഗം) 225 രൂപ കുറഞ്ഞ വില ലഭിച്ചു.

രണ്ടാമത്തെ സെഷനിൽ കർണാടക സോപ്സ് മാത്രമാണ് പങ്കെടുത്തത്. 20.33 കോടി രൂപക്കാണ് വാങ്ങിയത്. ഓൺ ലൈനിലായി ലേലം നടത്തുന്നത് കൽക്കട്ട ആസ്ഥാനമായ മെറ്റൽ ആൻഡ് സ്കാർപ്പ് ട്രേഡിംഗ് കമ്പനിയാണ്.

# കളകളെ ചെറുക്കാൻ തവിട്ട് വളം

കാർഷികവിളകളുടെ ഉത്പാദനത്തെ സാരമായി ബാധിക്കുന്ന ഒന്നാണു കൃഷിയിടങ്ങളിലെ കളകൾ. വിളകൾക്കു കൊടുക്കുന്ന ജലവും മൂലകങ്ങളും കവർന്നെടുക്കുന്ന കളകൾ വിളകളെക്കാൾ പെട്ടെന്നു വളർന്നു പൊന്തും.

വിളകളുടെ സംരക്ഷണത്തിന് ഈ അപകടകാരികളായ കളകളെ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിളകൾക്ക് ആവശ്യമായ വളങ്ങളുടെ ഉയർന്ന നിരക്കും, അവയുടെ ലഭ്യതക്കുറവും മറ്റൊരു പ്രശ്നമാണ്.



മികച്ച വിളവെടുപ്പിനു വളങ്ങൾ ആവശ്യമായതുകൊണ്ടു കർഷകർ എത്ര വിലകൊടുത്തും അത് കന്പോളത്തിൽ നിന്നു വാങ്ങി ഉപയോഗിക്കും. ഇതുവഴി ചെലവ് വർധിക്കുകയും ലാഭം കുത്തനെ ഇടിയുകയും ചെയ്യും.

രാസവളങ്ങൾ മാത്രം മണ്ണിൽ പ്രയോഗിക്കുന്നതുവഴി വിളകളുടെ ഉത്പാദനം കൂടുമെന്നതിലുപരി മണ്ണിൻറെ ഗുണങ്ങൾ നശിക്കുന്നതിനും മണ്ണിലുള്ള സൂക്ഷ്മാണുക്കൾ ഇല്ലാതാവുന്നതിനും കാരണമാകും. ഇവിടെയാണ് തവിട്ട് വളപ്രയോഗത്തിൻറെ പ്രസക്തി.

1996 ൽ ഓസ്ട്രേലിയയിൽ ഗൂഡൻസ് എന്ന ശാസ്ത്രജ്ഞനാണ് തവിട്ട് വളപ്രയോഗം എന്ന ആശയം കൊണ്ടുവന്നത്. പച്ചിലവളപ്രയോഗത്തിൽ നിന്നു വികസിപ്പിച്ചെടുത്ത നൂതന വളപ്രയോഗ മാർഗമാണിത്.

പച്ചില വളങ്ങളായ സെസ്ബാനിയ, സൺഹെന്പ് തുടങ്ങിയ വിളകൾ പ്രധാന വിളയുടെ ഇടവിളകളായി വളർത്തിയശേഷം അവയെ കളനാശിനി ഉപയോഗിച്ച് നശിപ്പിച്ചു വിളകൾക്ക് തന്നെ വളമായി നൽകുന്ന രീതിയാണു തവിട്ടു വളപ്രയോഗം.

മണ്ണിളക്കിയാണു പച്ചില വളപ്രയോഗം നടത്തുന്നതെങ്കിൽ തവിട്ട് വളപ്രയോഗത്തിൽ മണ്ണിളക്കാതെ കളനാശിനി ഉപയോഗിക്കുകയാണു ചെയ്യുന്നത്. തവിട്ടു വിളകൾ പൂക്കുന്നതിനു മുന്പ് കളനാശിനി ഉപയോഗിച്ചു നശിപ്പിച്ചു മണ്ണിലേക്കു വളമായി കൊടുക്കുകയാണു ചെയ്യുന്നത്.

കളനാശിനി പ്രയോഗിക്കുന്നതു വഴി ചെടികളുടെ ഇലയിലുള്ള ക്ലോറോഫിൽ നശിക്കുകയും ഇലകൾക്കു തവിട്ട് നിറം ആവുകയും ചെയ്യും. ഈ ഇലകൾ മണ്ണിൽ വീണു പ്രധാനവിളയ്ക്ക് വളങ്ങളായി മാറും.

സാധാരണ നെൽവയലുകളിൽ ഉപയോഗിച്ചുവരുന്ന തവിട്ടുവളം സെസ്ബാനിയ വിഭാഗത്തിൽ പെടുന്ന ചെടികളാണ്. ഇവയെ നെൽ വിത്തുകൾക്കൊപ്പം തന്നെ വയലുകളിൽ പാകുന്നു.

ഇങ്ങനെ ചെയ്യുന്നതു വഴി നെൽവയലിൽ പ്രത്യക്ഷപ്പെടുന്ന പല കളകൾക്കും പൊട്ടിമുളച്ചു വളരാൻ സ്ഥലം ഇല്ലാതാവുകയും അവ സ്വയം നശിച്ചു പോകുകയും ചെയ്യും.

തവിട്ടു വിളകൾ നട്ടു 25 ദിവസമാകുന്പോൾ 24 ഉ എന്ന കളനാശിനി തളിക്കുക. ഇതോടെ ഈ ചെടികൾ അഴുകി മണ്ണിൽ ചേരും. ഇത് വളമായി നെല്ല് ചെടികൾ വിലിച്ചെടുക്കും.

രണ്ടു തരത്തിലുള്ള തവിട്ടു വിളകളുണ്ട്. 1. മണ്ണിലേക്ക് ജൈവ പദാർഥം മാത്രം കൊടുക്കുന്ന പയർ വർഗമല്ലാത്ത വിളകൾ ഉദാ: നൈഗർ, വൈൽഡ് ഇൻഡിഗോ. 2. മണ്ണിലേക്ക് ജൈവപദാർഥവും നൈട്രജനും കൊടുക്കുന്ന പയർ വർഗത്തിൽപ്പെട്ടവ .ഉദാ: സൺ ഹെന്പ്, ഡൈഞ്ച.

ഒരു പരിസ്ഥിതി സൗഹൃദ സമീപനം എന്നതിനൊപ്പം വർധിച്ചുവരുന്ന രാസവളങ്ങളുടെ വിലയെ മറികടക്കാൻ കഴിയുന്ന മാർഗവും കൂടിയാണ് തവിട്ട് വളപ്രയോഗം.



# കൂൺകൃഷി രീതിയും വരുമാന സാധ്യതകളും

ഔഷധഗുണങ്ങളും അവയെ ശ്രദ്ധിക്കപ്പെടുത്തുന്ന ഘടകങ്ങളാണ്. ഈ വിളയ്ക്ക് പ്രത്യേക പരിചരണമോ വളമോ നൽകേണ്ട ആവശ്യം വരുന്നില്ല.

കൃഷി ചെയ്യാൻ മണ്ണ് പോലും ആവശ്യമില്ലെന്നത് മറ്റൊരു വസ്തുതകൂടിയാണ്. കേരളത്തിൽ സുലഭമായി ലഭിക്കുന്ന വൈക്കോൽ, അറക്കപ്പൊടി എന്നിവ മാധ്യമമാക്കി കൃഷി ഫലപ്രദമായി പോഷിപ്പിക്കാവുന്നതാണ്.

കൂൺ കൃഷി എന്ന പേരുണ്ടെങ്കിലും യഥാർത്ഥത്തിൽ കൃഷി ചെയ്യുകയല്ല, മറിച്ച് കൂൺ വിത്ത് മുളച്ചുപൊന്തി വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ എത്താനുള്ള സ്വാഭാവിക പരിസ്ഥിതി ഒരുക്കുകയാണ് ഒരു കർഷകൻ ചെയ്യുന്നത്. വെളിച്ചം കടക്കാത്തവിധം ചായ്പിലോ ചെറിയ മുറിയിലോ കൃഷി ചെയ്താൽ ഏതാനും ആഴ്ചകൾക്കുള്ളിൽ ആയിരങ്ങൾ വരുമാനം ഉണ്ടാക്കാവുന്ന സംരംഭമാണ് കൂൺ കൃഷി. കൂൺ വിത്ത് തിരഞ്ഞെടുക്കുമ്പോൾ മികച്ച വിത്തിന്റെ ദൗർലഭ്യം കർഷകർ അനുഭവിക്കാറുണ്ട്. അണുബാധയില്ലാത്ത, തഴച്ചുവളർന്നു നല്ല വെളുത്ത കട്ടിയുള്ള കൂൺ വിത്ത് തിരഞ്ഞെടുക്കേണ്ടതാണ്. ഇടകലർത്തി തടം തയാറാക്കരുത് എന്നതാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത.



കൂണുകൾ പലതരത്തിലുള്ള കേരളത്തിൽ ചിപ്പി കൂൺ, പാൽ കൂൺ എന്നിവയാണ് സജീവമായി കൃഷിചെയ്യുന്നത്. കൃഷി തുടങ്ങുന്നതിന് മുമ്പ് കട്ടിയുള്ള മഞ്ഞ നിറത്തിൽ ഉണങ്ങിയ വൈക്കോൽ, റബ്ബർ, മരപൊടി എന്നിവ പുതിയതും അണുമുക്തവുമാക്കി നല്ല വെള്ളത്തിൽ 7 12 മണിക്കൂർ കുതിർത്ത് 20 30 മിനിറ്റ് വരെ വെള്ളത്തിൽ തിളപ്പിക്കണം. കൂടാതെ അണുനശീകരണം പൂർണമാക്കാൻ ബാവിസ്ടിൻ ഫോർമാലിൻ മിശ്രിതം 75ു്രാ + 500ു്രാ എന്ന തോതിൽ എടുത്ത് മാധ്യമം 16 18 മണിക്കൂറെങ്കിലും മുക്കിവയ്ക്കണം. ഈർപ്പം ഇല്ലാത്ത മാധ്യമം ആയിരിക്കണം, കാരണം ഈർപ്പത്തിന്റെ സാന്നിദ്ധ്യം രോഗകീടബാധ കൂട്ടുന്നു. മഴക്കാലത്തും ഇതേ സാഹചര്യം ഉണ്ടാക്കുന്നു. ഈർപ്പം തങ്ങി നിന്ന് ഈച്ചയും വണ്ടും മറ്റും കൃഷിയെ നശിപ്പിക്കുന്നു.

കൂൺകൃഷിക്ക് ഉണക്കിയ വൈക്കോൽ ചകിരിചോറ് എന്നിവ ശുദ്ധജലത്തിൽ ഇട്ടുവച്ച്, ശേഷം ആവിയിൽ പുഴുങ്ങണം. ഇത് തറയിൽ വെള്ളം വാർന്നു പോകാനായി വിതറിയിടണം. ശേഷം തടം തയ്യാറാക്കുന്നു. ഈർപ്പം തോന്നാൻ വണ്ണം എന്നാൽ മുറുക്കി പിഴിഞ്ഞാൽ ഒരു തുള്ളി വെള്ളം പോലും വീഴാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഒരു ബഡ്ഡായി തയാറാക്കിയ ശേഷമാണ് വിത്ത് പാകേണ്ടത്.

വിതക്കുന്നത് പോളിത്തീൻ കവറുകളിൽ ആണ്. 2 ഇഞ്ച് കനത്തിൽ കുറയാതെ വൈക്കോൽ ബഡ്ഡായി വയ്ക്കുന്നു. ശേഷം ഒന്നൊതുക്കി കൂൺ വിത്തുകൾ തരിതരിയായി വിതറുന്നു. വിതറുമ്പോൾ മധ്യത്തിലാവാതെ മൂലകളെ കേന്ദ്രീകരിച്ച് കട്ടിയില്ലാത്ത രീതിയിൽ 6 തവണ വരെ ബാഗുകളിൽ വിത്ത് വിതറാം. വിതയ്ക്കൽ അവസാനിച്ചാൽ കവറിന്റെ തുറന്നഭാഗം നല്ല വണ്ണം മൂടികെട്ടി, വൃത്തിയുള്ള ആണി കൊണ്ട് 10 20 വരെ സുഷിരങ്ങൾ ഇടണം. ശേഷം നല്ല വായുസഞ്ചാരവും ആർദ്രതയുള്ള മുറികളിൽ തൂക്കിയിടാം.

തറയിൽ ചരലോ മണലോ നിരത്തി കൂൺ മുറി ഒരുക്കാം. ദിവസേന വൃത്തിയാക്കുന്ന കൂട്ടത്തിൽ അണുബാധ ആരംഭിച്ച തടങ്ങൾ അതതു സമയങ്ങളിൽ തന്നെ നീക്കം ചെയ്യണം. വളർച്ച പ്രാപിച്ച കൂണുകളുടെ വിളവെടുപ്പ് കഴിഞ്ഞാൽ വിളയുടെ അവശിഷ്ടങ്ങൾ മാറ്റി വൃത്തിയാക്കി ബ്ളീച്ചിംഗ് പൗഡർ ലായനി തളിച്ച് മുറി ശുചിയാക്കണം. ഇങ്ങനെ ചെയ്താൽ പോലും ഈച്ചയും വണ്ടും കൂൺ മുറിയിൽ വരാറുണ്ട്. ഇതിനെ അകറ്റിനിർത്താൻ മുറിയുടെ ജനാലകൾ, വാതിൽ മറ്റ് തുറസ്സായ സ്ഥലങ്ങൾ എന്നിവ 2540 മേഷ് വല കൊണ്ട് അടിക്കണം. ശേഷം മുറിക്കകത്തും നിലത്തും ആഴ്ചയിൽ 2 തവണയെങ്കിലും വേപ്പെണ്ണ സോപ്പ് മിശ്രിതം തളിക്കണം.

കൃഷി അവസാനിച്ചാൽ തടങ്ങൾ മാറ്റി കൂൺ മുറി പുകയ്ക്കണം. 1.5% ഫോർമാലിനോ ഫോർമാലിൻ പൊട്ടാസ്യം പെർമാംഗനേറ്റ് മിശ്രിതമോ ഉപയോഗിക്കാം. വളർച്ചയെത്തിയ കൂണുകളെ 20 , 50 ദിവസങ്ങൾക്കകം വിളവെടുപ്പ് നടത്താം. അങ്ങനെ 55 , 75 ദിവസങ്ങളിൽ 3 തവണ വരെ വിളവെടുപ്പ് നടത്താവുന്നതാണ്. വീടിനുള്ളിലെ മുറിയിലോ ടെറസ്സിൽ ടാർപോളിൻ, ഷെഡ് നെറ്റ് തുടങ്ങിയവ കൊണ്ടു മറച്ച രീതിയിലും ഈ വിള സമൃദ്ധമായി കൃഷി ചെയ്യാവുന്നതാണ്. ചിപ്പി കൂണിന്റെ തന്നെ 5 ഇനങ്ങൾ കേരളത്തിൽ കൃഷി ചെയ്യാന്നുണ്ട്. 1822 ദിവസങ്ങൾക്കുള്ളിൽ പ്ളൂറോട്ടസ് ഫ്ളോറിഡയും, ചാരനിറമുള്ള പ്ളൂറോട്ടസ് ഇയോസ്സ 22 25 ദിവസം കൊണ്ടും വിളവ് തരുന്നു. പ്ളൂറോട്ടസ് ഫ്ളോറിഡയാണ് കേരളത്തിൽ കൂടുതൽ കൃഷി ചെയ്യുന്നത്.കലോസിബ, ജംബൊാസയും കേരളത്തിൽ ഒരു തുടർ കൃഷിക്ക് അനുയോജ്യമായ പാൽ കൂണിന്റെ ഇനങ്ങൾ ആണ്. ഒരു തടത്തിന് 23 കിലോ വൈക്കോൽ വേണ്ടിവരുന്നു. ഒരു തിരിക്ക് (തടം) 2030 രൂപയാണ് വില. 200 , 300 ഗ്രാം വരെയാണ് ഒരു പാക്കറ്റ് വിത്തിന് വേണ്ട വൈക്കോൽ. മൊത്തത്തിൽ വാങ്ങുമ്പോൾ 20 , 40 രൂപ വരെ ചിലവ് വരുന്നു. ഉദ്ദേശം 60 , 70 രൂപ വരെയാണ് ഒരു കിലോയ്ക്ക് ഉല്പാദനചിലവ് വരുന്നത്.

# ടി എസ് രാധാകൃഷ്ണന് ആദരവ് ;'ഒരു നേരമെങ്കിലും' കെ എസ് ചിത്ര ലോഗോ പ്രകാശനം ചെയ്തു



സംഗീത സംവിധായകൻ ടി എസ് രാധാകൃഷ്ണന്റെ 50 വർഷത്തെ സംഗീതയാത്രയുടെ ആഘോഷമായ 'ഒരു നേരമെങ്കിലും' പ്രോഗ്രാമിന്റെ ലോഗോ ടി എസ് രാധാകൃഷ്ണന് നൽകിക്കൊണ്ട് ഗായിക പത്മഭൂഷൻ കെ എസ് ചിത്ര പ്രകാശനം നിർവഹിക്കുന്നു. രമേശ് മുരളി, മധു ബാലകൃഷ്ണൻ, ഗണേഷ് സുന്ദരം, കെ.കെ നിഷാദ്, രതീഷ് സുഭാഷ്, അഫ്സൽ , ഹണി എസ് ഗോപി, രാജലക്ഷ്മി എന്നിവർ സമീപം

**കൊച്ചി:** പ്രമുഖ സംഗീത സംവിധായകൻ ടി എസ് രാധാകൃഷ്ണന് ആദരമർപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ 50 വർഷത്തെ സംഗീതയാത്രയുടെ ആഘോഷമായ 'ഒരു നേരമെങ്കിലും' പ്രോഗ്രാമിന്റെ ലോഗോ ടി എസ് രാധാകൃഷ്ണന് നൽകിക്കൊണ്ട് ഗായിക പത്മഭൂഷൻ കെ എസ് ചിത്ര പ്രകാശനം നിർവഹിച്ചു. ഗായകരായ രമേശ് മുരളി, മധു ബാലകൃഷ്ണൻ, ഗണേഷ് സുന്ദരം, അഫ്സൽ, കെ.കെ നിഷാദ്, രാജലക്ഷ്മി, മൽഹാർ ഇവന്റ്സ് മാനേജിംഗ് ഡയറക്ടർ ഹണി എസ് ഗോപി, രതീഷ് സുഭാഷ് എന്നിവർ പങ്കെടുത്തു. നവംബർ അഞ്ചിനാണ് 'ഒരു നേരമെങ്കിലും ' എന്ന പ്രോഗ്രാം അരങ്ങേറുന്നത്.വൈകുന്നേരം ആറിന് എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന പരിപാടിയിൽ പിന്നണിഗായകരുടെ നേതൃത്വത്തിൽ ടി എസ് രാധാകൃഷ്ണന്റെ ഗാനങ്ങൾ കോർത്തിണക്കിയ ഗാനസന്ധ്യ അരങ്ങേറും. അഖില ഭാരതനാരായണീയ സമിതിയും മൽഹാർ ഇവന്റ്സും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ കലാസാംസ്കാരിക രംഗത്തെ നിരവധിപേർ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു

# വേൾഡ് സ്പൈസ് കോൺഗ്രസിന് ഇന്ന് തുടക്കമാകും

WORLD SPICE CONGRESS®
ORGANISED BY | SPICES BOARD INDIA
Ministry of Commerce & Industry, Goverment of India

**കൊച്ചി:** സുഗന്ധവ്യഞ്ജന വ്യവസായ മേഖലയിലെ വിദഗ്ധരുടേയും വ്യാപാര സംഘടനകളുടേയും കമ്പനികളുടേയും സർക്കാർ ഏജൻസികളുടേയും ആഗോള സമ്മേളനമായ വേൾഡ് സ്പൈസ് കോൺഗ്രസിന് ഇന്ന് മുംബൈയിൽ തുടക്കമാകും. സ്പൈസസ് ബോർഡും വാണിജ്യ വ്യവസായ മന്ത്രാലയവും സംഘടിപ്പിക്കുന്ന പതിനാലാമത് വേൾഡ് സ്പൈസ് കോൺഗ്രസ് നവി മുംബൈയിലെ സിഡ്കോ ഇന്റർനാഷനൽ കൺവെൻഷൻ സെൻറർ വേദിയാകും. സുഗന്ധവ്യഞ്ജന വ്യവസായ രംഗത്തെ നയരൂപീകരണകർത്താക്കൾ, റെഗുലേറ്ററി അതോറിറ്റികൾ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരും സർക്കാർ പ്രതിനിധികളും, സാങ്കേതിക വിദഗ്ധർ, കയറ്റുമതി കമ്പനികൾ, വ്യാപാര സംഘടനകൾ എന്നിവർ പങ്കെടുക്കുന്ന ത്രിദിന സമ്മേളനം ഞായറാഴ്ച സമാപിക്കും. സുഗന്ധവ്യഞ്ജന വ്യവസായത്തിന്റെ ഭാവി രൂപപ്പെടുത്താനും വ്യാപാരം ശക്തിപ്പെടുത്താനും ആഗോള തലത്തിലുള്ള കൂട്ടായ ശ്രമങ്ങൾക്കും വേൾഡ് സ്പൈസ് കോൺഗ്രസ് വേദിയാകുമെന്ന് സ്പൈസസ് ബോർഡ് സെക്രട്ടറി ഡി. സത്യൻ പറഞ്ഞു.ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി ടെക്നിക്കൽ സെഷനുകളും ബിസിനസ് സെഷനുകളും സമ്മേളനത്തിന്റെ ഭാഗമായി നടക്കും. ഭക്ഷ്യ സുരക്ഷ, ഗുണനിലവാര മാനദണ്ഡങ്ങളും സർട്ടിഫിക്കേഷനും, ഫാർമസ്യൂട്ടിക്കൽ, ന്യൂട്രാസ്യൂട്ടിക്കൽ, രോഗപ്രതിരോധ, ആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങളിലെ ഉപയോഗം, സുഗന്ധദ്രവ്യ എണ്ണകളുടെ ഉൽപ്പാദനം തുടങ്ങി സുഗന്ധവ്യഞ്ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും, വിളകൾ, നൂതന വിപണി പ്രവണതകൾ, സാങ്കേതികവിദ്യകൾ എന്നിവയെ കുറിച്ചും വിശദമായ സെഷനുകൾ നടക്കും.വിവിധതരം സുഗന്ധവ്യഞ്ജനങ്ങളും മൂല്യവർധിത ഉൽപന്നങ്ങളും നൂതന സാങ്കേതിഅകവിദ്യകളും പരിചയപ്പെടുത്തുന്ന പ്രദർശനവും സമ്മേളനത്തോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. ഇവിടെ ചർച്ചകൾ, നൂതന അഉൽപ്പന്നങ്ങളുടെ അവതരണം, കുക്കറി ഷോ എന്നിവയും സമാന്തരമായി നടക്കും. സുഗന്ധവ്യഞ്ജന വ്യവസായ രംഗത്ത് മികവ് പുലർത്തിയവരെ ആദരിക്കുന്ന അവാർഡ് ദാനവും നടക്കും.ഇന്ത്യൻ സ്പൈസ് ആന്റ് ഫുഡ്സ്റ്റഫ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ, കൊച്ചി ആസ്ഥാനമായ ഇന്ത്യൻ പെപ്പർ ആൻഡ് സ്പൈസ് ട്രേഡ് അസോസിയേഷൻ, കൊൽക്കത്ത ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, ഗുജറാത്തിലെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ സ്പൈസ് സ്റ്റേക്ക്ഹോൾഡേഴ്സ്, ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം തുടങ്ങി ഈ രംഗത്തെ പ്രമുഖ വ്യാപര സംഘടനകളും വേൾഡ് സ്പൈസ് കോൺഗ്രസിൽ സജീവ പങ്കാളികളാണ്.

# ആദിത്യ ബിർള ഗ്രൂപ്പ് പെയിന്റ് ബിസിനസ് മേഖലയിലേക്ക്

**കൊച്ചി:** ആദിത്യ ബിർള ഗ്രൂപ്പ് പെയിന്റ് ബിസിനസ് മേഖലയിലേക്ക് കടക്കുന്നു. ഗ്രൂപ്പിന്റെ ഫ് ളാഗ്ഷിപ് കമ്പനിയായ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് തങ്ങളുടെ പെയിന്റെ ബിസിനസിന്റെ ബ്രാൻഡ് നെയിം 'ബിർള ഓപസ്' എന്നാണെന്ന് പ്രഖ്യാപിച്ചു. 2024 സാമ്പത്തിക വർഷത്തിൻറെ അവസാന പാദത്തിൽ ബിർള ഓപസിന്റെ വിപണി അവതരണം ഉണ്ടാകും. ഡക്കറേറ്റീവ് പെയിൻറ്സ് വിഭാഗത്തിൽ ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളുടെ മുഴുവൻ ശ്രേണിയും ബിർള ഓപസ് ലഭ്യമാക്കുമെന്ന് ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗളം ബിർള പറഞ്ഞു. അവതരണത്തിന് മുന്നോടിയായി, പ്രധാന മെട്രോകളിൽ പെയിൻറിംഗ് സേവനങ്ങൾ ഗ്രാസിം ലഭ്യമാക്കിയിരുന്നു. ഇറക്കുമതി ചെയ്ത വുഡ് ഫിനിഷുകളുടെ ഒരു ശ്രേണി അവതരിപ്പിക്കുകയും ചെയ്തു. മഹാരാഷ്ട്രയിൽ അത്യാധുനിക ഗവേഷണവികസന സൗകര്യം ഇതിനകം സജ്ജീകരിച്ചിട്ടുണ്ട്.ഹരിയാന, പഞ്ചാബ്, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലായി സ്ഥിതി ചെയ്യുന്ന കമ്പനിയുടെ അത്യാധുനിക നിർമാണ പ്ലാൻറുകൾക്ക് പ്രതിവർഷം 1,332 ദശലക്ഷം ലിറ്റർ ശേഷിയുണ്ടാകും.70,000 കോടി രൂപയാണ് ഇന്ത്യയുടെ ഡക്കറേറ്റീവ് പെയിൻറ് വ്യവസായത്തിൻറെ ഇപ്പോഴത്തെ ഏകദേശ മൂല്യം.

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി: പുതിയ പീഡിയാട്രിക് ബ്ലോക്ക് ഉദ്ഘാടനം നാളെ




**കൊച്ചി:**എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക രീതിയിൽ സജ്ജമാക്കിയിരിക്കുന്ന പുതിയ പീഡിയാട്രിക് ബ്ലോക്കിന്റെ ഉദ്ഘാടനം നാളെ (സെപ്തംബർ 16) രാവിലെ 10 ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നിർവ്വഹിക്കും. ആശുപത്രി ഭരണ സമിതി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, ജെബി മേത്തർ എം.പി, എം.എൽ.എമാരായ ടി.ജെ വിനോദ്, ഉമ തോമസ്, കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരായ ആന്റണി പൈനുതറ, ബിന്ദു ശിവൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കുമെന്ന് സെക്രട്ടറി അജയ് തറയിൽ പറഞ്ഞു.

# സാമ്പത്തിക സുതാര്യത: ക്യാംപയിനുമായി കുടുംബശ്രീ

**കൊച്ചി:** അയൽക്കൂട്ടാംഗങ്ങൾക്ക് സാമ്പത്തിക സുതാര്യതയും ഉത്തരവാദിത്വവും ആർജ്ജിക്കുന്നതിന് 'ഭദ്രം ' എന്ന പേരിൽ ക്യാംപയിനുമായി കുടുംബശ്രീ. ക്യാംപയിനിന്റെ ഭാഗമായി സെപ്റ്റംബർ 17ന് ജില്ലയിലെ എല്ലാ അയൽക്കൂട്ടങ്ങളും പ്രത്യേക യോഗം ചേരും. യോഗത്തിൽ ജില്ലാ മിഷൻ നൽകുന്ന കുറിപ്പ് പ്രത്യേകം ചർച്ച ചെയ്യും. സ്വയം വിലയിരുത്തൽ ഫോറം പൂരിപ്പിച്ച് അവരുടെ സാമ്പത്തിക ക്രയവിക്രയ നില സ്വയം വിലയിരുത്തുന്നതിന അവസരം ഒരുക്കും.കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സാമ്പത്തിക സഹായങ്ങൾ, വിവിധ പദ്ധതികൾ, ഇവ കൃത്യതയോടെയും കാര്യക്ഷമമായും പ്രയോജനപ്പെടുത്താം, ലോണുകളുടെ സുതാര്യമായ പ്രവർത്തനങ്ങൾ എന്നിവ അടങ്ങിയതാണ് കുറിപ്പ്. ക്യാമ്പയിനിലൂടെ അംഗങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കാനും സുതാര്യത ഉറപ്പുവരുത്താനും, അറിവില്ലായ്മയെ ചൂഷണം ചെയ്യുന്നതിൽ നിന്നും ബോധവതികൾ ആക്കാനുമാണ് ലക്ഷ്യമിടുന്നത്.

# ഈറ്റ് റൈറ്റ് യോഗ ഈറ്റ് റൈറ്റ് ബൈക്കത്തൺ 16ന്

**കൊച്ചി:** അന്താരാഷ്ട്ര മില്ലറ്റ് വർഷത്തോടനുബന്ധിച്ച് ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും, കേരള സർക്കാർ ഭക്ഷ്യസുരക്ഷാ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ഈറ്റ് റൈറ്റ് യോഗ ഈറ്റ് റൈറ്റ് ബൈക്കത്തൺ സെപ്റ്റംബർ 16 ന് രാവിലെ ഏഴിന് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തുന്നു. ആരോഗ്യകരമായ ജീവിത ശൈലികളും ഭക്ഷണ രീതികളും പ്രോത്സാഹിപ്പിക്കുക, ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കൊച്ചി മേയർ അഡ്വ എം അനിൽകുമാർ ഈറ്റ് റൈറ്റ് ബൈക്കത്തൺ ഫ്ളാഗ് ഓഫ് ചെയ്യും. ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എം എൽ എ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ വി.ആർ വിനോദ് ,വാർഡ് കൗൺസിലർ ബിന്ദു ശിവൻ എന്നിവർ പങ്കെടുക്കും.

# വാക്ക്ഇൻഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപതി വികസന സമിതിയുടെ കീഴിൽ ന്യായവില മെഡിക്കൽ സ്റ്റോറിൽ ഒഴിവുള്ള സെയിൽസ്മാൻ തസ്തികയിലേയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനത്തിനായി വാക്ക്ഇൻഇന്റർവ്യൂ നടത്തുന്നു. യോഗ്യത: പ്ലസ്ടു, കമ്പ്യൂട്ടർ പരിജ്ഞാനം ടാലി അഭിലഷണീയം. ആയുർവേദ ഫാർമസി വിഭാഗത്തിൽ 8 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം, പ്രായപരിധി 50 വയസ്, നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവ സഹിതം സെപ്റ്റംബർ 25 രാവിലെ 11ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി സൂപ്പ് മുമ്പാകെ വാക്ക്ഇൻഇന്റർവ്യൂവിന് പങ്കെടുക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ ഒരു ലക്ഷം രൂപയുടെ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

## ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കോമേഴ്സ് കേരള ചാപ്റ്റർ ഭാരവാഹികൾ





**കൊച്ചി:** ഇന്ത്യയിലേയും മിഡിൽ ഈസ്റ്റിലേയും പ്രൊഫഷണലുകളുടേയും ബിസിനസ് മേധാവികളുടേയും പങ്കാളിത്തത്തോടെ ഇരുരാജ്യങ്ങളിലേയും സാമ്പത്തിക, വ്യാവസായി, വാണിജ്യ, സാംസ്ക്കാരിക ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദിയായ ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കോമേഴ്സ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. കൊച്ചിയിൽ ചേർന്ന യോഗത്തിൽ ചെയർമാൻ ഡോ. എൻ എം ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു. കേരള ഹൈക്കോടതി അഭിഭാഷകൻ അഡ്വ. സി ഉണ്ണികൃഷ്ണൻ (പ്രസിഡന്റ്), പ്രമുഖ വ്യവസായി യൂനുസ് അഹമ്മദ് (സെക്രട്ടറി), ഷാമിൻ സാഹർ (ട്രഷർ) എന്നിവരാണ് പ്രധാന ഭാരവാഹികൾ. വൈസ് പ്രസിഡന്റായി പി ബി ബോസിനേയും ജോയിന്റ് സെക്രട്ടറിയായി ബിബിൻ ബാലനേയും തെരഞ്ഞെടുത്തു. മജീദ് അബ്ദുല്ല, മുഹമ്മദ് ബഷീർ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.

# സ്റ്റാർട്ടപ്പ് മേഖലയെ 'മുന്നിൽ നിന്ന് നയിക്കാൻ' വിമൻ സ്റ്റാർട്ടപ്പ് സമ്മിറ്റ് 5.0

**കൊച്ചി:** രാജ്യത്തെ വനിതാ സംരംഭകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ കേരള സ്റ്റാർട്ടപ്പ് മിഷൻറെ വിമൻ സ്റ്റാർട്ടപ്പ് ഉച്ചകോടിയുടെ ഇത്തവണത്തെ പ്രമേയം തന്നെ 'മുന്നിൽ നിന്ന് നയിക്കു'കയെന്നതാണ്. സ്റ്റാർട്ടപ്പ് മേഖലയിൽ രാജ്യം മുന്നേറുമ്പോഴും ഈ രംഗത്തെ വനിതാ പ്രാതിനിധ്യം കുറയുന്നതിൻറെ കാരണങ്ങൾ പരിഹരിച്ച് കൂടുതൽ വനിതാസംരംഭകരെ ഈ രംഗത്തേക്ക് കൊു വരികയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്.കളമശ്ശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിൽ സപ്തംബർ 29 ന് നടക്കുന്ന പരിപാടിയിൽ ദേശീയ അന്തർദേശീയ രംഗത്ത് വിവിധ മേഖലകളിൽ നായകത്വം വഹിക്കുന്ന പ്രമുഖവനിതകളാണ് പങ്കെടുക്കുന്നത്. ആഗോളതലത്തിലുള്ള വനിതാ സംരംഭകർക്ക് പുറമെ, വ്യവസായ പ്രമുഖർ, ഇനോവേറ്റർമാർ എന്നിവരും ഇതിൽ പങ്കെടുക്കും. സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ്, ന്യൂസ് 18 മാനേജിംഗ് എഡിറ്റർ പാൽകി ശർമ്മ ഉപാദ്ധ്യായ, സഹോദരി ഫൗഷേൻ സ്ഥാപക കൽക്കി സുബ്രഹ്മണ്യം, സാഫിൻ ഇന്ത്യ എംഡി സുജ ചാി, ബിസിനസ് ഫിൻലാന്റ് ഇന്ത്യാ വിഭാഗം ടാലന്റ് ബൂസ്റ്റ് മേധാവി ഗിറ്റ പെരെസ്, ഫിൻലാന്റ് കോൺസുലേറ്റ് ജനറൽ എറിക് ഗുസ്താവ് ക്രിസ്റ്റഫർ, കെഎസ് യുഎം സിഇഒ അനൂപ് അംബിക തുടങ്ങിയ പ്രമുഖരാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.വനിതാ സ്റ്റാർട്ടപ്പുകളിലെ സുസ്ഥിരമായ വളർച്ച, സംരംഭക മേഖലയിലെ വനിതാ നെറ്റ്വർക്കുകൾ, പാനൽ ചർച്ചകൾ, പരിശീലനകളരികൾ, ആശയസംവാദം, എന്നിവ ഉച്ചകോടിയിൽ ഉൾപ്പെടുത്തിയിട്ടു്.വനിതാ സംരംഭകർ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് നൽകുന്ന ദിശാബോധം, ആശയത്തിൽ നിന്ന് മാതൃകയിലേക്ക്, മികച്ച സ്റ്റാർട്ടപ്പ് അടിത്തറ, വളർച്ചയുടെ ആസൂത്രണവും വെല്ലുവിളികളും, സംരംഭകത്വത്തിൻറെ ഭാവി, വ്യാവസായ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടക്കുന്നത്.ആശയങ്ങളും അനുഭവങ്ങളും പങ്ക് വയ്ക്കുക, വ്യാവസായിക ലോകവുമായി അടുത്ത് സംവദിക്കുക എന്നിവയാണ് വനിതാ ഉച്ചകോടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആഗോളതലത്തിലെ വിദഗ്ധർ ഓരോ വിഷയത്തിലും സംസാരിക്കും.സംരംഭകർ, വിദ്യാർത്ഥികൾ, ഇനോവേറ്റർമാർ എന്നിവർക്ക് ഉച്ചകോടിയിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തേക്ക് മാത്രമാണ് ഈ വിഭാഗത്തിലെ രജിസ്ട്രേഷൻ ഉായിരിക്കുകയുള്ളൂ. https://womenstartupsummit.com എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8047180470 എന്ന നമ്പറിലോ https://startupmission.kerala.gov.in/ എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാം.

## കളമശ്ശേരി ഗവ പോളിടെക്നിക് കോളജ്: സ്പോട്ട് അഡ്മിഷൻ ഇന്ന്




**കൊച്ചി:** കളമശ്ശേരി ഗവ പോളിടെക്നിക് കോളജിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഇന്ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.(ഓട്ടോമൊബൈൽ (കുടുംബി), കമ്പ്യൂട്ടർ 2 ( മറ്റ് ഹിന്ദു പിന്നാക്ക വിഭാഗം, ഇ.ഡബ്ല്യു എസ്), സിവിൽ എഞ്ചിനീയറിങ് (Hearing Impaired)1 ജനറൽ) രജിസ്ട്രേഷൻ സമയം രാവിലെ 9.30 മുതൽ 10.00 വരെ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 1 മുതൽ 40000 റാങ്ക് വരെയുള്ള കുടുംബി, മറ്റ് ഹിന്ദു പിന്നാക്ക വിഭാഗം, ഇ.ഡബ്ല്യു.എസ് എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. സിവിൽ എൻജിനീയറിങ് ( Hearing Impaired) ബ്രാഞ്ചിലേക്കുള്ള അപേക്ഷകർ മെഡിക്കൽ ബോർഡിൻറെ സർട്ടിഫിക്കറ്റും നിർദ്ദിഷ്ട ഫോമിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും നിർബന്ധമായും ഹാജരാക്കണം. സിവിൽ എഞ്ചിനീയറിങ് ( Hearing Impaired ) വിഭാഗത്തിലേക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ അപേക്ഷകർക്കും പങ്കെടുക്കാം. കൂടാതെ റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത പുതിയ അപേക്ഷകരെയും പരിഗണിക്കും.

www.polyadmission.org എന്ന സൈറ്റിൽ വേക്കൻസി പൊസിഷൻ പരിശോധിക്കാം. പങ്കെടുക്കുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർ 1000/ രൂപയും, മറ്റുള്ളവർ 3995/ രൂപയും ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് വഴി ഒടുക്കേണ്ടതാണ് പിടിഎ ഫണ്ട് , അസോസിയേഷൻ ഫണ്ട് എന്നിവ പണമായി നൽകേണ്ടതാണ് (3100/) യൂണിഫോം ആൺകുട്ടികൾക്ക് 1200 രൂപയും പെൺകുട്ടികൾക്ക് 1680/ രൂപയുമാണ്. അഡ്മിഷന് വിദ്യാർത്ഥിയോടൊപ്പം രക്ഷകർത്താവ് ഹാജരാകേണ്ടതാണ്.പ്രവേശനത്തിന് ഹാജരാകുന്നവർ അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും പ്രോസ്പെക്ടസ് പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതുമാണ്. പി ടി എ ഫണ്ട് ഒഴികെയുള്ള തുക ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് മുഖേന ഒടുക്കേണ്ടതാണ്. മറ്റേതെങ്കിലും ഗവ/എയ്ഡ്ഡ് പോളിടെക്നിക് കോളേജിൽ അഡ്മിഷൻ നേടിയിട്ടുണ്ടെങ്കിൽ അഡ്മിഷൻ സ്ലിപ്പ്, ഫീസ് അടച്ച രസീത് എന്നിവ ഹാജരാക്കണം. സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ പ്രവേശനം നേടിയവർ ഗവ/എയ്ഡ്ഡ് പോളിടെക്നിക് കോളേജിൽ പ്രവേശനം നേടുന്ന പക്ഷം ഫീസ് ഒടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് polyadmission.org സന്ദർശിക്കേണ്ടതാണ്. ആവശ്യമായ രേഖകൾ എസ്.എസ്.എൽ.സി. ഒറിജനൽ മാർക്ക് ലിസ്റ്റ് , ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (റ്റി.സി) ,സ്വഭാവ സർട്ടിഫിക്കറ്റ് ജാതി, വരുമാനം എന്നിവയുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ക്വാട്ടയോ റിസർവേഷനോ ഉണ്ടെങ്കിൽ അത് തെളിയിക്കുന്ന പ്രത്യേക സർട്ടിഫിക്കറ്റ് , ആധാർ കാർഡ് / കോപ്പി.

## ഇൻഷുറൻസ് ഇടപാട്: ക്യൂആർ കോഡ് സൗകര്യം അവതരിപ്പിച്ച് സ്റ്റാർ ഹെൽത്ത്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലയ്ഡ് ഇൻഷുറൻസ് പോളിസി വാങ്ങുന്നതിനും പുതുക്കുന്നതിനും യുപിഐ ക്യൂആർ കോഡ് അധിഷ്ഠിത പേയ്മെന്റ് അവതരിപ്പിച്ചു. ഉപഭോക്താവിന് ഏതാനും ക്ലിക്കുകളിലൂടെ ലളിതമായി പോളിസികൾ ഇഷ്ടമനുസരിച്ച് വാങ്ങാവുന്നതാണ് പുതിയ സംവിധാനം. കൂടുതൽ അനായാസമാക്കുന്നതിനായി നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) യുടെ പിൻതുണയോടെ സ്റ്റാർ ഹെൽത്ത് വ്യക്തിഗത പേയ്മെന്റ് ഇന്റന്റ് ലിങ്കും അവതരിപ്പിച്ചിട്ടുണ്ട്. ഇത് സ്റ്റാർ ഹെൽത്തിന്റെ തടസമില്ലാത്തതും സുരക്ഷിതവുമായ ഇടപാടുകൾ ഉറപ്പാക്കികൊണ്ട് ഉപഭോക്ത കേന്ദ്രീകൃത സേവനം വർധിപ്പിക്കുന്നുവെന്ന് സ്റ്റാർ ഹെൽത്ത് ആൻഡ് അലയ്ഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എംഡിയും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.പേയ്മെന്റ് ഓർമിപ്പിക്കൽ ഇമെയിലുകളിൽ സംയോജിതമായ യുപിഐ ക്യൂആർ കോഡ് ഉപഭോക്താവിനെ സെക്കൻഡുകൾക്കുള്ളിൽ ഇടപാടു പൂർത്തിയാക്കാൻ സഹായിക്കുന്നു. പ്രീമിയം തുക ഉൾപ്പടെ എല്ലാ പേയ്മെന്റ് വിവരങ്ങളും ക്യൂആർ കോഡിൽ മുൻകൂട്ടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് ഇടപാട് ലളിതമാക്കുന്നു, വാർഷിക പ്രീമിയം തുക എന്റർ ചെയ്യേണ്ടതില്ല. കസ്റ്റമൈസ്ഡ് കോഡ് സ്കാൻ ചെയ്യുന്നതു വഴി ഉപഭോക്താവിന് ഏതാനും സെക്കൻഡുകൾക്കുള്ളിൽ തടസമില്ലാതെ ഇടപാടു നടത്താം.സ്റ്റാർ ഹെൽത്തിന്റെ ഈ സൗകര്യം ഉപഭോക്താവിന് ഏത് മൊബൈൽ ഫോണിലും ഉപയോഗിക്കാം. ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ തന്നെ യുപിഐ ആപ്പ് വരും. ഒന്നിലധികം യുപിഐ ആപ്പുകൾ ഉള്ളവർക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം.പ്രീമിയം തുക ഉൾപ്പടെ പേയ്മെന്റ് വിവരങ്ങളെല്ലാം ആപ്പിൽ ലഭ്യമായിരിക്കും.ഉപഭോക്താവിന് അവരുടെ യുപിഐ പിൻ ഉപയോഗിച്ച് ഇടപാടു നടത്താം.ഉപഭോക്താക്കളുടെ മാറികൊണ്ടിരിക്കുന്ന ഇഷ്ടങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് യുപിഐ അധിഷ്ഠിത ക്യൂആർ കോഡ് പേയ്മെന്റ് സൗകര്യം അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും ഉപഭോക്തൃ മൂല്യം വർധിപ്പിക്കുന്നതിലുള്ള പ്രതിജ്ഞാബദ്ധതയാണ് ഇതിലൂടെ ഉറപ്പിക്കുന്നതെന്നും ആനന്ദ് റോയ് പറഞ്ഞു.

## കളമശ്ശേരിയിൽ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെ.ഐ.ഇ.ഡി )7 ദിവസത്തെ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഒക്ടോബർ 4 മുതൽ 11 വരെ കളമശ്ശേരി കെഐഇഡി ക്യാമ്പസ്സിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജിസ്, സെയിൽസ് പ്രോസസ് ആൻഡ് ടീം മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഫിനാൻഷ്യൽ മാനേജ്മെന്റ് ആൻഡ് വർക്കിങ് ക്യാപിറ്റൽ മാനേജ്മെന്റ്, ജി.എസ്.ടി ആൻഡ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, ലീഗൽ ആൻഡ് സ്റ്റാറ്റ്യൂട്ടറി കോംപ്ലിൻസസ്/ ഐപിആർ, എക്സ്പോർട്ട് ഇംപോർട്ട് പ്രൊസീജർസ് തുടങ്ങി നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.4,130 രൂപയാണ് 7 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പടെ) താത്പര്യമുള്ളവർ കെ.ഐ.ഇ.ഡി വെബ്സൈറ്റായ ഠഠഠ.സശലറ. കിളീ ൽ ഓൺലൈനായി സെപ്റ്റംബർ 25ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/2550322/9605542061,

# ഹോസ്പിറ്റൽ ഹെൽത്ത് കെയർ സാങ്കേതികവിദ്യ എക്സ്പോയ്ക്ക് ഇന്നു തുടക്കം

**കൊച്ചി:** 'ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ 2023' കൊച്ചി കളമശ്ശേരിയിലുള്ള സംറ ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ ഇന്ന് തുടങ്ങും. ഹൈബി ഈഡൻ എംപി സമ്മേളനം ഉദ്ഘാടനം ചെയ്യും.അതിനൂതന മെഡിക്കൽ ഉപകരണങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയിലൂടെ സംസ്ഥാനത്തെ ആശുപത്രികളുകയും, ആരോഗ്യ രംഗത്തേയും പരിഷ്കരിക്കാൻ ലക്ഷ്യമിടുന്നതാണ് മേള. മൂന്ന് ദിവസത്തെ മേളയുടെ രണ്ടാം എഡിഷനാണിത്. തൃത്വം ഇന്റ്ഗ്രിസാണ് എക്സ്പോയുടെ സംഘാടകർ. ഇൻവസ്റ്റ് ഇന്ത്യ, കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം, എം എസ് എം.ഇ വകുപ്പ് എന്നിവയുടെ പിന്തുണയോടെയാണ് മേള നടക്കുന്നത്. ഐ.എം.എ, ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ്, എ.ഐ.എം.ഇ.ഡി, എ.ഡി.എം.ഐ, നാസ്കോം, കാൻപൂർ ഐ. ഐ.ടി, മറ്റ് മെഡിക്കൽ അസോസിയേഷനുകൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവയുടെ സജീവ പങ്കാളിത്തവുമു്. ആരോഗ്യ രംഗത്തെ വ്യവസായ മികവിനുള്ള അവാർഡുകൾ ശനിയാഴ്ച വൈകീട്ട് നടക്കുന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി രാജീവ് വിതരണം ചെയ്യും. മികച്ച ഹെൽത്ത് കെയർ സ്റ്റാർട്ടപ്പ്, ബഡ്ഡിങ്ങ് ഇന്നൊവേറ്റർ, വനിതാ സംരംഭക, മികച്ച നിർമ്മാതാവ് എന്നീ വിഭാഗങ്ങളിലാണ് അവാർഡ്. പ്രദർശകർക്ക് ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കാനും ബിസിനസ് വളർത്താ നും വിതരണക്കാരെ കാണാനും അവസരം ലഭിക്കും.രജിസ്ട്രേഷന് : www.hospex.in sabnÂ reach@hospex.in അല്ലെങ്കിൽ 95445 25000/ 9747397818 എന്ന നമ്പറിൽ ബന്ധപ്പെടാം. മെഡിക്കൽ ടെക്നോളജിഡയഗ്നോസ്റ്റിക്, സർജിക്കൽ, ഉൽപന്നങ്ങൾ, നവീകരണങ്ങൾ, എന്നിവയെല്ലാം പ്രദർശിപ്പിക്കാനുള്ള വേദിയാണിത്. ആശുപത്രികൾ, മെഡിക്കൽ ഉപകരണ നിർമ്മാതാക്കൾ, സ്റ്റാർട്ടപ്പുകൾ, വിവിധ വിതരണക്കാർ, എന്നിവ ഒരു കുടക്കീഴിൽ വരികയാണെന്ന് തൃത്വം മാനേജിംഗ് ഡയറക്ടറും




ഐ.എം.എ മുൻ പ്രസിഡന്റുമായ ഡോ ജോൺ സെബാസ്റ്റ്യൻ നിവിൻ പറഞ്ഞു.കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നുള്ള നയ രൂപീകരണ പ്രതിനിധികൾ , സയന്റിഫിക് കമ്മിറ്റി അംഗങ്ങൾ, മെഡിക്കൽ റിസർച്ച് . സംഘടനാ ഉദ്യോഗസ്ഥർ, വിവിധ മെഡിക്കൽ ഉപകരണ കമ്പനി തലവൻമാർ, ഉന്നത ഉദ്യോഗസ്ഥർ, ആരോഗ്യ ഇൻഷുറൻസ് കമ്പനികൾ, ഹെൽത്ത് കെയർ ടൂറിസം, ഹെൽത്ത് ടെക് കമ്പനികൾ, ഫാർമ, ഡയഗ്നോസ്റ്റിക് കമ്പനികൾ, പ്രമുഖ ആശുപത്രി ഡയറക്ടർമാർ എന്നിവർ പങ്കെടുക്കുന്നു്. മൂന്ന് ദിവസങ്ങളിലായി ശിൽപശാലകളും ശാസ്ത്ര സെഷനുകളും നടക്കും. സ്മാർട്ട് ഹോസ്പിറ്റൽ ; സ്മാർട്ട് ഡയഗ്നോസ്റ്റിക് കോൺഫറൻസുകൾ, ഫീവർ കോൺക്ലേവ്, എ.എം.ആർ വർക്ക്ഷോപ്പ്, ഹോസ്പിറ്റലിനും ക്ലിനിക്കിനുമുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് വർക്ക്ഷോപ്പ്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നേതൃത്വത്തിൽ പർച്ചേസ് ആന്റ് ബയോ മെഡിക്കൽപ്രൊക്യുർമെന്റ് വർക്ക്ഷോപ്പ്, സ്റ്റാർട്ടപ്പ്, എംഎസ്എംഇ സെഷനുകൾ, ഡിജിറ്റൽ ഹെൽത്ത്, ആ2ആ ലോഞ്ച് തുടങ്ങിയവ പ്രധാന ആകർഷണങ്ങളാണ്.തൃത്വം ഇന്റ്ഗ്രിസിന്റെ ഡയറക്ടറായ ഡോ.അരുൺ കൃഷ്ണ, എ.ഐ.എം.ഇ.ഡി പ്രതിനിധി രമ വേണുഗോപാൽ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# യൂണിവേഴ്സലിൽ ബിടെക് കോഴ്സുകളുടെ പുതിയ ബാച്ചിനു തുടക്കമായി



**ഇരിഞ്ഞാലക്കുട:** വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജിലെ പുതിയ ബിടെക് ബാച്ചിന്റെ അധ്യയനവർഷാരംഭത്തിന് തുടക്കമായി. വിദ്യാരംഭച്ചടങ്ങുകൾ തൃശൂർ ജില്ലാ കലക്ടർ കൃഷ്ണേ തേജ ഉദ്ഘാടനം ചെയ്തു വളർന്നു വരുന്ന യുവതലമുറയിൽ വിവിധങ്ങളായ ക്രിയാത്മകമായ കഴിവുകൾ വികസിപ്പിച്ചു കൊുവരേണ് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ കലക്ടർ പറഞ്ഞു. സിവിൽ, മെക്കാനിക്കൽ, ഇലട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ എന്നീ ബ്രാഞ്ചുകളിലാണ് ക്ലാസുകൾ ആരംഭിച്ചിരിക്കുന്നത്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുൻപായി വിദ്യാർത്ഥികളെ എഞ്ചിനീയറിംഗ് പഠനത്തിന് തയ്യാറാക്കുന്നതിന് വിവിധ വിഷയങ്ങളിൽ ബ്രിഡ്ജ് കോഴ്സുകളും വിവിധ വ്യവസായസ്ഥാപനങ്ങളിൽ സന്ദർശനങ്ങളും ഏർപ്പെടുത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ മികച്ച പ്ലേസ്മെന്റും ഉന്നത പഠന നിലവാരവുമാണ് യൂണിവേഴ്സലിലേക്ക് കൂടുതൽ വിദ്യാർത്ഥികളെത്തുന്നതിനു കാരണമായതെന്ന് അധ്യക്ഷ പ്രസംഗത്തിൽ യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ട്രസ്റ്റ് ചെയർമാൻ വി. കെ ഷംസുദീൻ അധ്യക്ഷത പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. ജോസ് കെ ജേക്കബ് ആമുഖപ്രഭാഷണം നടത്തി. കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രൊഫസർ ഡോ. ഭാസി എ. ബി മുഖ്യപ്രഭാഷണം നടത്തി. വകുപ്പ് മേധാവികളായ ഡോ. കെ. കെ നാരായണൻ, ഡോ. പ്രേംശങ്കർ, ഡോ. ജോളി.എം, ഡോ. അരുൺ പ്രദീപ്, ഡോ. ശ്രീരാജ് ആർ, ഡോ. ഹരിനാരായണൻ, കെ.കെ അബ്ദുൽ റസാഖ്, പിജി ഡീൻ ഡോ. ജോബിൻ എം.വി, പി ടി എ വൈസ് പ്രസിഡന്റ് ഹരീഷ് എൽ എന്നിവർ പ്രസംഗിച്ചു. എൻകോൺ ക്ലബ്ബ് 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി ക്യാംപസ് ഗ്രീൻ ഫ്രൂട്ട് ഗാർഡൻ രാം ഘട്ടം ഫലവവൃക്ഷത്തൈ നട്ട് കലക്ടർ ഉദ്ഘാടനം ചെയ്തു.

# മൂലധനമില്ലാതെ വനിതകൾക്ക് സംരംഭം തുടങ്ങാം; പുതിയ ഫ്രാഞ്ചൈസി പദ്ധതിയുമായി സ്റ്റൗക്രാഫ്റ്റ്




**കൊച്ചി:** സംരംഭക രംഗത്ത് ചുവടുറപ്പിക്കാൻ ലക്ഷ്യമിടുന്ന വനിതകൾക്കായി പുതിയ ഫ്രാഞ്ചൈസി പദ്ധതിയുമായി പ്രമുഖ ഗൃഹോപകരണ നിർമാതാക്കളായ സ്റ്റൗക്രാഫ്റ്റ്. ഇതുപ്രകാരം മൂലധന നിക്ഷേപമില്ലാതെ തന്നെ വനിതകൾക്ക് ഫ്രാഞ്ചൈസി ആരംഭിക്കാം. രാജ്യത്തുടനീളം ഈ പദ്ധതി ലഭ്യമാണ്. ഹൈദരാബാദിൽ സ്റ്റൗക്രാഫ്റ്റിന്റെ നൂറാമത് ഷോറും ഉൽഘാടനത്തോടനുബന്ധിച്ചാണ് ഈ പുതിയ സംരംഭകത്വ പദ്ധതി കമ്പനി അവതരിപ്പിച്ചത്. സ്റ്റൗക്രാഫ്റ്റ് നേരിട്ട് പുതിയ സ്റ്റോറുകൾ സ്ഥാപിച്ച് സംരംഭകരായ വനിതകൾക്ക് കൈമാറും.റീട്ടെയിൽ രംഗത്ത് വനിതാ സംരംഭകരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും അവർക്ക് പ്രോത്സാഹനം നൽകുന്നതിനും വേണ്ടിയാണ് ഈ പുതിയ വനിതാ ഫ്രാഞ്ചൈസി പദ്ധതി അവതരിപ്പിച്ചതെന്ന് സ്റ്റൗക്രാഫ്റ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ രാജേന്ദ്ര ഗാന്ധി പറഞ്ഞു. തുടക്കം മുതൽ സ്ത്രീകളുടെ നൈപുണ്യ മെച്ചപ്പെടുത്തുന്നതിനും അവരെ കമ്പനിയുടെ പ്രധാന അംഗങ്ങളായി പരിഗണിക്കുന്നതിനും മുന്തിയ പരിഗണന നൽകി വരുന്ന സ്ഥാപനമാണ് സ്റ്റൗക്രാഫ്റ്റ്. കമ്പനിയിലെ മാനേജീരിയൽ പദവികളിൽ ഉൾപ്പെടെ മൊത്തം ജീവനക്കാരിൽ 80 ശതമാനത്തോളം വനിതകളാണെന്നും അദ്ദേഹം പറഞ്ഞു.ഗൃഹോപകരണങ്ങളുടേയും അടുക്കള, പാചക ഉപകരണങ്ങളുടേയും പുതിയ ശ്രേണികളുമായി 2022 ജൂണിലാണ് സ്റ്റൗക്രാഫ്റ്റ് ലിമിറ്റഡ് റീട്ടെയിൽ ബിസിനസ് രംഗത്തേക്ക് ചുവടുവച്ചത്. കുറഞ്ഞ കാലയളവിൽ തന്നെ 100 സ്റ്റോറുകളെന്ന നാഴികക്കല്ല് പിന്നിട്ടു. വരും വർഷങ്ങളിലും രാജ്യത്തുടനീളം പുതിയ സ്റ്റോറുകൾ തുറക്കാനുള്ള ശ്രമത്തിലാണ് കമ്പനി. കേരളത്തിൽ സ്റ്റൗക്രാഫ്റ്റിന് വിവിധ ജില്ലകളിലായി ഏഴ് സ്റ്റോറുകളുണ്ട്. കോഴിക്കോട് കൊടുവള്ളിയിൽ ഈ മാസം പുതിയൊരു സ്റ്റോർ കൂടി തുറക്കും.

# ലോകകപ്പ് ക്രിക്കറ്റ്: ഔദ്യോഗിക പങ്കാളിയായി നിസാൻ




കൊച്ചി: ഒക്ടോബർ 5 മുതൽ നവംബർ 10 വരെ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഐസിസി ലോകകപ്പ് ക്രിക്കറ്റിന്റെ ഔദ്യോഗിക സ്പോൺസറായി നിസാൻ മോട്ടോർ ഇന്ത്യ. തുടർച്ചയായി എട്ടാമത്തെ വർഷമാണ് ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിലുമായി നിസാൻ പങ്കാളിത്തം പ്രഖ്യാപിക്കുന്നത്. ലോകകപ്പിനായി നിസാൻ മോട്ടോർ ഇന്ത്യ പുതിയ നിസാൻ മാഗ്നൈറ്റ കുറോ സ്പെഷ്യൽ എഡിഷൻ അവതരിപ്പിച്ചു. നിസ്സാൻ ഐസിസി ടൂർണമെന്റുകളുടെ ഔദ്യോഗിക പങ്കാളിയാകുന്നതിൽ സന്തോഷമുന്നെും അഭിമാന നിമിഷമാണിതെന്നുംനിസ്സാൻ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു. നിലവിൽ നടക്കുന്ന ടൂർണമെന്റ് ട്രോഫി ടൂർ പ്രചാരണത്തിലും നിസാൻ പിന്തുണക്കുന്നു്.

# യാത്രാ ഓൺലൈൻ ഐപിഒ വെള്ളിയാഴ്ച

**കൊച്ചി:** മുൻനിര കോർപറേറ്റ് യാത്രാ സേവന ദാതാക്കളായ യാത്ര ഓൺലൈൻ ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) വെള്ളിയാഴ്ച ആരംഭിക്കും. 135142 രൂപയാണ് ഓഹരിയുടെ നിശ്ചിത വില. ചുരുങ്ങിയ ബിഡ് 105 ഓഹരികളാണ്. ഈ മാസം 20ന് ഓഹരി വിൽപ്പന അവസാനിക്കും. 602 കോടി രൂപയുടെ പുതിയ ഓഹരികളും ഓഹരി ഉടമകളുടെ പക്കലുള്ള 12,183,099 ഓഹരികളുമാണ് വിൽക്കുന്നത്. ഇതുവഴി 542 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഡിജിറ്റൽ യുഗത്തെ ഉപഭോക്തൃ സൗഹൃദമാക്കണം



**കൊച്ചി:** ഡിജിറ്റൽ യുഗത്തെ എത്രത്തോളം ഉപഭോക്തൃ സൗഹൃദമാക്കുകയും അതിൽ മികവ് പുലർത്തുകയും ചെയ്യാനാവുമെന്നാണ് ബാങ്കുകൾ ഉൾപ്പെടെയുള്ള മേഖലകൾ ചിന്തിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറും റീട്ടയിൽ ബിസിനസ് ഹെഡുമായ ശാലിനി വാര്യർ. കേരള മാനേജ്മെന്റ് അസോസിയേഷൻ ചിറ്റിലപ്പള്ളി സ്ക്വയറിൽ സംഘടിപ്പിച്ച ജെൻഎഐ ഈസ് ബിസിനസ് ട്രാൻസ്ഫോർമേഷൻ വിത്ത് ഇന്നവേഷൻ ആന്റ് ഓട്ടോമേഷൻ ഡിജിറ്റൽ സമ്മിറ്റിൽ വിശിഷ്ടാതിഥിയായി സംസാരിക്കുകയായിരുന്നു അവർ. നിർമാണം, ബാങ്ക്, മെഡിക്കൽ തുടങ്ങി എല്ലാ മേഖലകളിലും എഐ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന രീതിയിലേക്കാണ് വരുന്നതെന്നും അവർ വ്യക്തമാക്കി. പഠനത്തിലൂടേയും ആവശ്യമില്ലാത്ത കാര്യങ്ങൾ മറന്നുകളയുന്നതിലൂടേയും ഏത് പ്രായത്തിലായാലും വീും പഠിക്കുന്നതിലൂടെയും ഉൾപ്പെടെ സാങ്കേതിക സൗകര്യങ്ങളെ ഉപയുക്തമാക്കാനാണ് ശ്രമിക്കേത്. നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കത്തെുകയാണ് വേത്. മനുഷ്യസ്പർശത്തിന് പകരം വെക്കാൻ മറ്റൊന്നിനും സാധിക്കില്ലെന്ന് തിരിച്ചറിയണമെന്നും ശാലിനി വാര്യർ പറഞ്ഞു. സാങ്കേതിക സൗകര്യങ്ങൾ എങ്ങനെയൊക്കെ ഉപയോഗിക്കണമെന്നും അതിനാവശ്യമായ തരത്തിൽ എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കണമെന്നുമാണ് സംസ്ഥാന സർക്കാർ ആലോചിക്കുന്നതെന്ന് കേരള ഗവൺമെന്റ് ഇലക്ട്രോണിക്സ് ആന്റ് ഐ ടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ കെ എം എ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ എം എ ഡിജിറ്റൽ സമ്മിറ്റ് 2023 ചെയർപേഴ്സൺ സുജാത മാധവ് ചന്ദ്രൻ, കേരള ഇൻഫോപാർക്സ് സി ഇ ഒ സുശാന്ത് കുരുന്തിൽ, ആർ എച്ച് ഒ കൺസൾട്ടിംഗ് മാനേജ്മെന്റ് കൾസൾട്ടന്റും ഡയറക്ടറുമായ ഡോ. പി രവീന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു.അഡോബി സൊല്യൂഷൻ കൺസൾട്ടിംഗ് ഹെഡ് വൈശാഖ് വേണുഗോപാലൻ, ഫോർട്ടിനെറ്റ് സെയിൽസ് ഡയറക്ടർ സുബ്രമണ്യൻ ഉദയപ്പൻ, ഗൂഗ്ൾ ജനറേറ്റീവ് എ ഐ അംബാസഡർ രാകേഷ് മോഹൻദാസ്, ക്ലൗഡേറ ഡാറ്റാ സെർവീസസ് സ്പെഷ്യലിസ്റ്റ് വിഷ് രാജഗോപാലൻ, ക്യുലിക് ഡാറ്റ ഇന്റഗ്രേഷൻ സ്പെഷ്യലിസ്റ്റ് ഡയറക്ടർ രാജീവ് മസ്കാര, തോട്ട്സ്പോട്ട് സീനിയർ ഡയറക്ടർ രാജേഷ് ധിമാൻ, യെല്ലോ എ ഐ കൺസൾട്ടിംഗ് ആന്റ് സ്ട്രാറ്റജി വൈസ് പ്രസിഡന്റ് മൃഗേഷ് സോണി, ഫൗഷേൻ ഓഫ് അഡ്വാൻസിംഗ് സയൻസ് ആന്റ് ടെക്നോളജി സീനിയർ ഫെലോ രാഹുൽ നയാർ എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. സമാപന ചടങ്ങിൽ മീഡിയവിഷൻ ഗ്രൂപ്പ് ഓഫ് ഡയഗ്നോസ്റ്റിക് സെന്റേഴ്സ് ഡയറക്ടർ ബിബു പൊന്നൂരാൻ, ടി സി എസ് കേരള വൈസ് പ്രസിഡന്റും ഡെലിവറി സെന്റർ ഹെഡുമായ ദിനേഷ് തമ്പി, യു എസ് ടി ഗ്ലോബൽ ചീഫ് വാല്യൂസ് ഓഫിസറും സെന്റർ ഓപറേഷൻസ് ഗ്ലോബൽ ഹെഡുമായ സുനിൽ ബാലകൃഷ്ണൻ, കെ എം എ ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ എന്നിവർ പ്രസംഗിച്ചു.

## സംസ്ഥാനതല സെലക്ഷൻ ട്രയൽസ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളോടനുബന്ധിച്ച് കബഡി, ഖോഖോ, റെസ്ലിങ്, യോഗ എന്നീ കായിക ഇനങ്ങളിൽ സംസ്ഥാനതല സെലക്ഷൻ ട്രയൽസ് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. സെപ്റ്റംബർ 19 ന് ഖോഖോ, കബഡി എന്നീ കായിക ഇനങ്ങൾ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും 20ന് റെസ്ലിങ്, യോഗ എന്നീ ഇനങ്ങൾ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലുമായി നടക്കും. താല്പര്യമുള്ള പുരുഷ / വനിതാ കായികതാരങ്ങൾ സെപ്റ്റംബർ 19 ന് രാവിലെ 8 മണിക്ക് മുമ്പായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി ഹാജരാകണം.

## റിസർവഷൻ വിഭാഗങ്ങളിൽ സീറ്റ് ഒഴിവ്

**തിരുവനന്തപുരം:** 2023–24 അധ്യയന വർഷം താനൂർ ഗവ.ആർട്സ് ആൻഡ് സയൻസ് കോളജിൽ ഒന്നാം വർഷ ബി.എസ്.സി (ഇലക്ട്രോണിക്സ്), ബി എ ഇംഗ്ലീഷ്, ബിസിഎ, ബിബിഎ, ബികോം, ഇന്റഗ്രേറ്റഡ് എം എ മലയാളം എന്നീ കോഴ്സുകളിൽ SC, ST, OEC, LC, PWD, SPORTS എന്നീ റിസർവഷൻ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ സെപ്റ്റംബർ 18 നു രാവിലെ 11 നു യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസലുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം കോളജ് ഓഫീസിൽ ഹാജരാകണം.

# ആർട്ടിസ്റ്റിക് ആൻഡ് റിഥമിക് ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ്പ് സമാപിച്ചു



**കൊച്ചി :**സബ് ജൂനിയർ ജൂനിയർ വിഭാഗങ്ങളിലെ കുട്ടികൾക്കായി കടവന്ത്ര റീജിനൽ സ്പോർട്സ് സെന്ററിൽ സംഘടിപ്പിച്ച രാമത് എറണാകുളം ജില്ലാ ആർട്ടിസ്റ്റിക് ആൻഡ് റിഥമിക് ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ്പ് സമാപിച്ചു. പെൺകുട്ടികളുടെ ആർട്ടിസ്റ്റിക് ജിംനാസ്റ്റിക്സ് കിഡീസ് വിഭാഗത്തിൽ ഇലാസ് സെബാസ്റ്റനും കേഡറ്റ് വിഭാഗത്തിൽ റേച്ചൽ അജിത്ത് നെല്ലാരിയും മിനി വിഭാഗത്തിൽ അഗ്നിശിഖ അരുണും സബ് ജൂനിയർ വിഭാഗത്തിൽ റിത്വിക രജീഷും സ്വർണ മെഡലുകൾ കരസ്ഥമാക്കി. ധന്വിക ജയൻ, കല്ല്യാണി കെ.എസ്, ആൻ സെബാസ്റ്റൻ എന്നിവർ വെള്ളിമെഡലുകളും സ്വന്തമാക്കി.ആൺകുട്ടികളുടെ ആർട്ടിസ്റ്റിക് ജിംനാസ്റ്റിക്സ് കിഡീസ് വിഭാഗത്തിൽ ചുമാർ ജൂനിയർ, കേഡറ്റ് വിഭാഗത്തിൽ റിഷി രജീഷ്, മിനി വിഭാഗത്തിൽ റിത്വിക് രജീഷ് എന്നിവർ സ്വർണ മെഡലുകൾ കരസ്ഥമാക്കി. കേഡറ്റ് വിഭാഗത്തിൽ മിലൻ ഈശ്വർ വെള്ളി മെഡലും എസ് ഹരിനന്ദൻ വെങ്കല മെഡലും സ്വന്തമാക്കി.റിഥമിക് ജിംനാസ്റ്റിക്സ് കിഡീസ് വിഭാഗത്തിൽ കൃപ സമീപൻ, കേഡറ്റ് വിഭാഗത്തിൽ അബിഗെയ്ൽ റേച്ചൽ തോമസ്, മിനി വിഭാഗത്തിൽ അദിത്രി അരുൺ പിള്ള, സബ് ജൂനിയർ വിഭാഗത്തിൽ വിശ്രുത വിനോദ് എന്നിവർ സ്വർണ മെഡലുകൾ കരസ്ഥമാക്കി. ജോന്ന മരിയ ജോജോ, ഇഷിത സജീഷ്, അദ്വിക വാകുറെ, റിത്വിക രജീഷ് എന്നിവർ വെള്ളി മെഡലുകൾ സ്വന്തമാക്കി.എറണാകുളം ജിംനാസ്റ്റിക് അസോസിയേഷനാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ജിംനാസ്റ്റിക് അസോസിയേഷൻ കേരള സെക്രട്ടറി ജിത്തു വി.എസ്, ഇന്ത്യൻ എയറോബിക് ജിംനാസ്റ്റിക് ടീം കോച്ച് മിനി ഛബ്ര, റീജനൽ സ്പോർട്ട്സ് സെന്റർ സെക്രട്ടറി എസ്.എ.എസ് നവാസ് ഐആർഎസ്(റിട്ട.), കേരള ഒളിംപിക് അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പി.മോഹൻദാസ്, എറണാകുളം ജില്ലാ ഒളിംപിക് അസോസിയേഷൻ ട്രഷറർ സി.കെ സനിൽ, സ്പോർട്ട്സ് കൗൺസിൽ അംഗം മേരി ജോർജ് തോട്ടം എന്നിവർ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663